JANUARY 2023 Vol. 8 Issue 94
THE FIRST ADVERTISING & MARKETING MAGAZINE IN MALAYALAM
Price: ₹ 50/-

# ഇഫെക്ടീവ് ആഡ്കോം EFFECTIVE ADCOM

INSIDE OUTSIDE AD WORLD

THE WORLD OF EFFECTIVE COMMUNICATION



**ബ്രാൻഡിംഗ് എന്ന പ്രതിഭാസം**
ഭാഗം 25

**ശങ്കർ – കാർട്ടൂൺ തൊഴിലായി സ്വീകരിച്ച ആദ്യത്തെ ഭാരതീയൻ**

**ഭട്ടതിരിയുടെ അക്ഷര വിശേഷങ്ങൾ**

**സമയത്തിന് മുമ്പായി സഞ്ചരിക്കുക**

**ആർ.കെ.ലക്ഷ്മണ് സാധാരണക്കാരനെ വരച്ച സാധാരണക്കാരന്റെ കാർട്ടൂണിസ്റ്റ്**

BRANDING • MODEL WATCH • MARKETING • CONCEPT SHOOT


MOST TRUSTED OET EXAM
COACHING CENTRE
The expert and perfect guidance offered for
NCLEX - RN & PROMETRIC EXAMS
Specially designed courses for
OET 2.0 • RN-USA
NNAS (Canada)
Online Coaching available
New Batch starts on every Monday
Registration assistance for all Exams
Most Trusted agency for NCLEX-RN Registration
Admission Helpline
0481 - 2300396 / 380
99468 59475
Application assistance to all Nursing Boards in U.S.A
CHAZ ACADEMY
Arafa Tower, Vth Floor, Near SBI Branch, Thirunakkara, Kottayam-1
Email: chazacademykottayam@gmail.com, chaz_ktm@yahoo.com
www.chazusa.in

# ഇനി ഓൺലൈനിലൂടെ മാത്രമല്ല ഫോണിലൂടെയും ഹോസ്പിറ്റൽ അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യാം

2016 ജൂലൈ ഒന്നിനാണ് (ദേശീയ ഡോക്ടേഴ്സ് ദിനം) ക്വിക് ഡോക് ഡോട് കോം കേരള ജനതയ്ക്കായി സമർപ്പിച്ചത്.

ഹോസ്പിറ്റലുകളുടെയും ക്ലിനിക്കുകളുടെയും അപ്പോയ്ന്റ്മെന്റ് ബുക്കുചെയ്യാൻ സഹായിക്കുന്ന ഓൺലൈൻ ആപ്ലിക്കേഷനാണ് ക്വിക്ഡോക്ഡോട്കോം.ഇപ്പോൾ 142 ആശുപത്രികളിലും 113 ക്ലിനിക്കുകളിലുമായി കേരളത്തിലെ വിദഗ്ധരായ 2743 ഡോക്ടർമാരുടെ അപ്പോയിന്റ്മെന്റുകൾ ലഭ്യമാണ്. നിങ്ങളുടെ റജിസ്ട്രേഷനിലൂടെ നിങ്ങളുടെ ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ അപ്പോയിന്റ്മെന്റ് എടുക്കാം.

ഒരു മാസം മുമ്പു മുതൽ അപ്പോയിന്റ്മെന്റുകൾ ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 8 മണിവരെ അതത് ദിവസത്തെ ഏറ്റവും അടുത്ത ടോക്കണുകൾ ലഭിക്കും. അതുപോലെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ഏത് ആശുപത്രിയിലുണ്ട് എന്നും ഏതൊക്കെ ആശുപത്രികളിൽ എന്തൊക്കെ സേവനങ്ങൾ ഉണ്ട് എന്നും അറിയാം.

നിങ്ങൾ എടുക്കുന്ന അപ്പോയിന്റ്മെന്റുകൾ സ്ഥിരീകരിക്കാനായി qkdoc.com കസ്റ്റമർ കെയർ ടീം നിങ്ങളെ സഹായിക്കും. അതുപോലെ ഏതു സമയത്ത് ചെല്ലണമെന്നും നിർദേശം തരും. കൂടാതെ പൊതുജനങ്ങൾക്കായി സൗജന്യ രോഗനിർണയ ക്യാംപുകളും ആരോഗ്യ സെമിനാറുകളും ആശുപത്രികളുമായി സഹകരിച്ച് നടത്തുന്നുണ്ട്.

## അപ്പോയിന്റ്മെന്റ് എടുക്കുവാൻ 2 വഴികൾ

**ഓപ്ഷൻ 1** A) qkdoc.com വെബ്സൈറ്റ് അല്ലെങ്കിൽ qkdoc ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് റജിസ്റ്റർ ചെയ്യുക B) വേണ്ട ആശുപത്രി/ക്ലിനിക്/ഡോക്ടർ/ സ്പെഷലൈസേഷൻ സേർച്ച് ചെയ്യുക C) ലഭ്യമായ ടോക്കണുകൾ നേടുക D) റജിസ്ട്രേഷനിലൂടെ നിങ്ങൾക്കോ, സുഹൃത്തുക്കൾക്കോ, ബന്ധുക്കൾക്കോ, ടോക്കണുകൾ നേടാം. അതിനായി Book for another parent ക്ലിക്കു ചെയ്ത് മുൻപോട്ട് പോകുക.

**ഓപ്ഷൻ 2** A) അപ്പോയിന്റ്മെന്റുകൾ എടുക്കാനായി 7012612323 (24 x 7) (ഞായറാഴ്ചകളിലും) 8943927714, 0481-2587421 / 422 (രാവിലെ ഒമ്പതു മുതൽ വൈകിട്ട് 6 വരെ) നമ്പരുകളിലേക്ക് വിളിക്കാം. B) നിങ്ങൾക്ക് ആവശ്യമായ ആശുപത്രി / ക്ലിനിക്ക് / ഡോക്ടർ എന്നീ വിവരങ്ങൾ പറയുക C) നിങ്ങളുടെ ഫോണിൽ വരുന്ന എസ്എംഎസ്സ് ൽ നിന്നും ഒടിപി നമ്പർ പറഞ്ഞുകൊടുക്കുമ്പോൾ ലഭ്യമായ ടോക്കണുകൾ നൽകുന്നു.

# ഡോക്ടറുടെ
## അപ്പോയ്ന്റ്മെന്റിനായി
# വിളിക്കുക

**7012612323 (24x7)**
**0481 2587421 / 422**
(9 am to 6pm)




**ആശുപത്രികളും ക്ലിനിക്കുകളും qkdoc.com ൽ റജിസ്റ്റർ ചെയ്യുവാനായി വിളിക്കുക : 8086137088, 9447732525**

- വിളിക്കുക 7012612323 (24x7) 0481 2587421/422 (9 am to 6pm)
- നിങ്ങളുടെ ആശുപത്രി/ക്ലിനിക്/ഡോക്ടർ എന്നീ വിവരങ്ങൾ പറയുക
- നിങ്ങൾക്കു വരുന്ന SMS ലെ OTP നമ്പർ പറഞ്ഞുകൊടുക്കുമ്പോൾ ലഭ്യമായ ടോക്കണുകൾ നൽകുന്നു

മലയാള മനോരമ

QKDOC.com
Doctor appointments made easy
Powered by manoramaonline

# ഉള്ളടക്കം

Cover:
**Minnu Salvatore**
**Abhirami**

Concept & Coordination:
**Smruthy Simon**

Vol. 8 | Issue 94 | January 2023










6 ബ്രാൻഡിംഗ് എന്ന പ്രതിഭാസം – ഭാഗം 25

8 ശങ്കർ – കാർട്ടൂൺ തൊഴിലായി സ്വീകരിച്ച ആദ്യത്തെ ഭാരതീയൻ

14 CONCEPT SHOOT

20 ഭട്ടതിരിയുടെ അക്ഷര വിശേഷങ്ങൾ

24 സമയത്തിന് മുമ്പായി സഞ്ചരിക്കുക

26 ആർ. കെ. ലക്ഷ്മൺ – സാധാരണക്കാരനെ വരച്ച സാധാരണക്കാരന്റെ കാർട്ടൂണിസ്റ്റ്

29 FILM NEWS

30 EDITORIALS OF THE MONTH

33 NEWS & EVENTS

36 FUN ROOM


Images Courtesy: Google

ഇഫെക്ടീവ് ആഡ്കോം EFFECTIVE ADCOM
Advertising is Communication. Marketing is destination
The First Advertising & Marketing Magazine in Malayalam

Chief Editor
**Mathew K. Mulamoottil**

Associate Editor
**Batten Bose**

Advisory Board
**Thekkinkadu Joseph**
**Prof. Josy Joseph**
**Joshy George**
**Somie**
**Janeesh Jajikalayam**

Marketing & Circulation Co-ordinator
**Vilsu Mathew**
Ph: 9744993356

Layout / Illustration
Adart Designing

Marketing Offices:
**Effective Publications**
Mughal Palace Bldg, Collectorate P.O.
Kottayam - 2 , Kerala, India.
Ph: 08593 998705, 0481 2561791
e-mail: effectiveadcom@gmail.com

Regd. Office:
Mulamoottil Bldg., Cathedral Road
Manorama (S), Kottayam - 1, Kerala, India

Can read @
FeederFOX www.feederfox.com
MAGZTER DIGITAL MAGAZINE STORE TAP · READ · ENJOY

effectiveadcom/posts 09846057461
/effective.adcom.14 /effective_adcom
www.effectiveadcom.com

# EDITORIAL

## കുറ്റകൃത്യങ്ങൾ വർദ്ധിപ്പിക്കുന്ന നിയമ നിർമ്മാണങ്ങൾ

കുറ്റകൃത്യങ്ങൾ വർദ്ധിപ്പിക്കുന്ന  നിയമ നിർമ്മാണങ്ങളാണ് ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഒറ്റനോട്ടത്തിൽ അതെങ്ങനെ എന്നു തോന്നാം.  എന്നാൽ അല്പം ആലോചിച്ചാൽ അതിനുള്ള ഇത്തരം കിട്ടാവുന്നതേയുള്ളൂ. ഇത്രയും നിയമങ്ങളും നിയന്ത്രണങ്ങളും ഇല്ലാതിരുന്ന കാലത്ത് ഇത്രയധികം കുറ്റകൃത്യങ്ങളുണ്ടായിരുന്നില്ല എന്നു കാണാനാകും.

ഉദാഹരണങ്ങൾ പറയാനാണെങ്കിൽ നിരവധിയുണ്ട്. അതെല്ലാം നിയമവിദഗ്ധർ കണ്ടെത്തട്ടെ. ഒരു ഉദാഹരണം മാത്രം പറയാം. സ്വർണ്ണ കള്ളകടത്തു തന്നെ എടുക്കാം. വിയറ്റ്നാം, ദുബായ്, സ്വിറ്റ്സർലൻഡ് തുടങ്ങിയ പല രാജ്യങ്ങലിലും സ്വർണ്ണം കൈകാര്യം ചെയ്യുന്നതിന് കാര്യമായ നിയന്ത്രണങ്ങളില്ല. എന്നാൽ അവ ഇന്ത്യയിലേക്ക് കൊണ്ടുവരുന്നതിന് 12.5% മുതൽ 18.5% വരെ ഇറക്കുമതി നികുതി വേണ്ടി വരുന്നു. ഇത് കാലാകാലങ്ങളിൽ മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ നികുതിയിൽ നിന്നും ഒഴിവാകുന്നതിനായി സ്വർണ്ണവ്യാപാരികളുൾപ്പെടുന്ന ഒരു കൂട്ടർ പല വിധത്തിൽ സ്വർണ്ണം ഒളിച്ചു കടത്തുന്നു. ചിലപ്പോഴൊക്കെ പിടിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ കള്ളക്കടത്ത് എന്ന കുറ്റകൃത്യം ഉണ്ടാകുന്നു. എന്നാൽ ഈ ഇറക്കുമതി നിയമത്തിൽ ഇളവു നൽകിയാൽ കുറ്റകൃത്യങ്ങളിലേർപ്പെടാതെ തന്നെ ഇവിടെ സ്വർണ്ണ ബിസിനസ്സ് യഥേഷ്ടം വളരുകയും വിൽപ്പന നികുതിയിലൂടെ രാജ്യത്തിന് വലിയ തോതിൽ ധനസമാഹരണം നടത്തുവാനും സാധിക്കും. മറ്റു പല രാജ്യങ്ങളും അവലംബിക്കുന്നത് ഈ രീതിയാണ്. ഇത് ഒരു ചെറിയ ഉദാഹരണം മാത്രമാണ്.

സമൂഹ സുരക്ഷയ്ക്കും വ്യക്തിസുരക്ഷയ്ക്കും രാജ്യസുരക്ഷയ്ക്കും ആവശ്യമായ നിയമങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ട് അനാവശ്യവും ഉപയോഗശൂന്യവുമായ നിയമങ്ങൾ ഒഴിവാക്കിയാൽ തന്നെ രാജ്യത്ത് കുറ്റകൃത്യങ്ങളുടെ എണ്ണം കുറയുകയും ഇതിന്റെ പിന്നാലെ നടക്കുവാൻ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരെ നാടിനു പ്രയോജനമുള്ള മറ്റു കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്താനുമാകും.

**ചീഫ് എഡിറ്റർ**

All rights reserved. Views exposed by the writers are not necessarily those of the effective publications or the editor or the publisher and they accept no responsibility for them. All objections, disputes, differences, claims & proceedings are subject to Kottayam jurisdiction.




# 'ബ്രാൻഡിംഗ്' എന്ന പ്രതിഭാസം

**ഭാഗം-25**

വിവിധ മാർക്കറ്റിംഗ് തരങ്ങളും ഫലപ്രദമായ മാർക്കറ്റിംഗ് തന്ത്രങ്ങളും എന്ന വിഷയത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങളാണ് കഴിഞ്ഞ മൂന്നു ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചത്. തുടർന്നു വായിക്കുക.

## വിവിധ മാർക്കറ്റിംഗ് തരങ്ങളും ഫലപ്രദമായ മാർക്കറ്റിംഗ് തന്ത്രങ്ങളും (ഭാഗം-5)

## (Different types of Marketing and Effective Strategies)

- **മൊബൈൽ മാർക്കറ്റിംഗ്**

സ്മാർട്ട് ഫോണിന്റെ വരവിനുശേഷം മൊബൈൽ മാർക്കറ്റിംഗ് അതിവേഗം പ്രധാന്യം നേടിയിരിക്കുന്നു. മൊബൈൽ ഫോണുകൾ സമൂഹത്തിൽ വലപ്പച്ചെറുപ്പമില്ലാതെ ഏവരുടേയും ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു.

ഈ സാങ്കേതികത മൊബൈൽ ഉപകരണങ്ങൾ പ്രധാന പ്രൊമോഷണൽ പ്ലാറ്റ്ഫോമായി ഉപയോഗിക്കുന്ന ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രമായി വികസിച്ചു കൊണ്ടിരിക്കുകയാണ്. പുഷ് അറിയിപ്പുകൾ, എസ്എംഎസ് സന്ദേശങ്ങൾ, ഇൻ-ആപ്പ് മാർക്കറ്റിംഗ്, ക്യു ആർ കോഡുകൾ എന്നിവയെല്ലാം ഒരു ഉൽപ്പന്നത്തെയോ ബ്രാൻഡിനെയോ പ്രോത്സാഹിപ്പിക്കുന്നതിന് സാധാരണയായി ഉപയോഗിക്കുന്ന രീതികളാണ്.

ആളുകൾ അവരുടെ മൊബൈൽ ഉപകരണങ്ങൾ

എല്ലായിടത്തും കൊണ്ടുപോകുന്നു എന്ന വസ്തുത മൊബൈൽ മാർക്കറ്റിംഗിന് പ്രോൽസാഹജനകമാണ്. കൂടാതെ, മൊബൈൽ ഫോണുകളിലൂടെ വെറുതെ ബ്രൗസ് ചെയ്യാനുള്ള ആളുകളുടെ പ്രവണതയും ഇത് ഉപയോഗപ്പെടുത്തുന്നു. സമയബന്ധിതമായ സന്ദേശങ്ങൾ ഉപയോഗിച്ച് സാധ്യതയുള്ള ഉപഭോക്താക്കളെ ടാർഗെറ്റുചെയ്യാൻ വേഗത്തിൽ സാധിക്കുന്നു. ഉദാഹരണത്തിന്, ഒരു ഫോണിന്റെ ലൊക്കേഷൻ സേവനങ്ങൾ ഉപയോഗിച്ച് ഉപയോക്താക്കളെ അവരുടെ ഫിസിക്കൽ ലൊക്കേഷൻ അടിസ്ഥാനമാക്കി ടാർഗെറ്റ് ചെയ്യാൻ ബിസിനസ്സുകളെ പ്രാപ്തമാക്കുന്നു. ഉപഭോക്താവിനാവശ്യമായ ഒരു ഉൽപ്പന്നം എവിടെ ലഭിക്കും എന്ന് അപരിചിതമായ ഒരു സ്ഥലത്തുപോലും കണ്ടെത്തുവാൻ ഈ ലൊക്കേഷൻ സേവനത്തിലൂടെ എളുപ്പമാകുന്നു. അതായത് ഉപഭോക്താവിനും ബിസിനസ്സിനും ഒരുപോലെ ഈ സേവനം പ്രയോജനപ്പെടുന്നു. അനന്തമായ സാദ്ധ്യതകൾ തുറന്നു തരികയാണ് മൊബൈൽ മാർക്കറ്റിംഗ്.

## ● റിലേഷൻഷിപ്പ് മാർക്കറ്റിംഗ്

ഹ്രസ്വകാല വിൽപ്പനയിലോ ഇടപാടുകളിലോ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുപകരം ദീർഘകാല ഉപഭോക്തൃ ബന്ധങ്ങൾ കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന മാർക്കറ്റിംഗാണ് റിലേഷൻഷിപ്പ് മാർക്കറ്റിംഗ്. നിങ്ങളുടെ ബ്രാൻഡിന് വേണ്ടി വാദിക്കുന്ന വിശ്വസ്തവും ആശ്രയ യോഗ്യവുമായ ഒരു ഉപഭോക്തൃ അടിത്തറയെ വളർത്തിയെടുക്കുക എന്നതാണ് റിലേഷൻഷിപ്പ് മാർക്കറ്റിംഗിന്റെ ലക്ഷ്യം.

ഈ മാർക്കറ്റിംഗ് സമ്പ്രദായം പുതിയ ഉപഭോക്താവിനെ ഏറ്റെടുക്കുന്നതിനേക്കാൾ ഉപഭോക്താവിനെ നിലനിർത്തുന്നതിന് മുൻഗണന നൽകുന്നു. ഉയർന്ന നിലവാരമുള്ള ഉപഭോക്തൃ സേവനം നൽകുന്നതും നിങ്ങളുടെ ഉപഭോക്താക്കളുടെ ചോദ്യങ്ങളോടും ആവശ്യങ്ങളോടും പ്രതികരിക്കുന്നതും ഇതിൽ പ്രധാനമാണ്. ഇതിന് സോഷ്യൽ മീഡിയയിൽ അവരുമായി ഇടപഴകുക, നിങ്ങളുടെ വെബ്സൈറ്റിൽ തത്സമയ ചാറ്റ് തുടങ്ങിയ വിവധ മാർഗങ്ങൾ ഉപയോഗിക്കാവുന്നതാണ്.

പ്രധാനമായും, ഉപഭോക്താക്കളുമായി ശക്തമായ ബന്ധം സ്ഥാപിക്കുക എന്നതിനർത്ഥം അവർ ഒരു വാങ്ങൽ നടത്തുന്നതുവരെ അവർക്ക് നല്ല സേവനം നൽകുക എന്നല്ല. പ്രത്യേക ആനുകൂല്യങ്ങൾ, കോംപ്ലിമെന്ററി ഉൽപ്പന്ന ശുപാർശകൾ അല്ലെങ്കിൽ ഉൽപ്പന്ന പരിപാലന നുറുങ്ങുകളും ഗൈഡുകളും ഉള്ള ഒരു ലോയൽറ്റി പ്രോഗ്രാം വാഗ്ദാനം ചെയ്യുന്നതിലൂടെ, ഉപഭോക്താക്കൾ അവരുടെ ആദ്യ വാങ്ങൽ നടത്തിയതിന് ശേഷവും നിങ്ങൾ അവരെ സന്തോഷിപ്പിക്കുന്നത് തുടരണം. ഇതുപോലുള്ള ചിന്തനീയമായ പ്രവർത്തനങ്ങൾക്ക് നിങ്ങളുടെ ബ്രാൻഡിന് ചുറ്റും ഒരു കമ്മ്യൂണിറ്റി വളർത്താനും നിങ്ങളുടെ ആരാധകരുമായി ആജീവനാന്ത ബന്ധം സ്ഥാപിക്കാനും കഴിയും.

## ● വോയ്സ് മാർക്കറ്റിംഗ്

വോയ്സ് സെർച്ചിൽ SEO സമ്പ്രദായങ്ങൾ പ്രയോഗിക്കുന്ന താരതമ്യേന പുതിയ തരം മാർക്കറ്റിംഗ് ആണ് വോയ്സ് മാർക്കറ്റിംഗ്. ടൈപ്പുചെയ്യുന്നതിനുപകരം സംസാരിക്കുന്ന ആളുകളിൽ നിന്നുള്ള തിരയലുകൾ പിടിച്ചെടുക്കാൻ ഇത് ബിസിനസുകളെ അനുവദിക്കുന്നു.




> നിങ്ങളുടെ ബ്രാൻഡിന് വേണ്ടി വാദിക്കുന്ന വിശ്വസ്തവും ആശ്രയ യോഗ്യവുമായ ഒരു ഉപഭോക്തൃ അടിത്തറയെ വളർത്തിയെടുക്കുക എന്നതാണ് റിലേഷൻഷിപ് മാർക്കറ്റിംഗിന്റെ ലക്ഷ്യം.

വോയ്സ് തിരയൽ നിരവധി വർഷങ്ങളായി നടക്കുന്നുണ്ടെങ്കിലും, ആമസോൺ അലക്സ അല്ലെങ്കിൽ ഗൂഗിൾ ഹോം പോലുള്ള സ്മാർട്ട് സ്പീക്കറുകൾക്കും സിരി പോലുള്ള സ്മാർട്ട്ഫോൺ അസിസ്റ്റന്റുകൾക്കും പ്രചാരം ലഭിക്കുന്നതോടെ ഇത് കൂടുതൽ സാധാരണമായി.

ടൈപ്പ് ചെയ്യുന്ന ശൈലികളിൽ നിന്ന് വോയ്സ് തിരയൽ വ്യത്യസ്തമാകുന്നതിന് നിരവധി മാർഗങ്ങളുണ്ട്; ഉദാഹരണത്തിന്, ശബ്ദം ഉപയോഗിച്ച് തിരയുന്ന ആളുകൾ ദൈർഘ്യമേറിയ വാക്യങ്ങളോ പൂർണ്ണ വാക്യങ്ങളോ ഉപയോഗിച്ചേക്കാം. ആരെങ്കിലും അവരുടെ കമ്പ്യൂട്ടറിൽ ബ്രൗസ് ചെയ്യുകയും ഒരു ബർഗറിനായി ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, അവർ Google-ൽ 'ബർഗർ റെസ്റ്റോറന്റ്' എന്ന് ടൈപ്പ് ചെയ്തേക്കാം. മറുവശത്ത്, അവർ ഡ്രൈവിംഗ് തിരക്കിലാണെങ്കിൽ, 'എനിക്ക് ഒരു ബർഗർ എവിടെ നിന്ന് ലഭിക്കും?' എന്ന് അവർ സിരിയോട് ചോദിച്ചേക്കാം.

അതിന്റെ സെർച്ച് എഞ്ചിന്റെ നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ് (NLP) കഴിവുകൾ തുടർച്ചയായി മെച്ചപ്പെടുത്തിക്കൊണ്ട് Google ഈ അർത്ഥവ്യത്യാസത്തെ ഉൾക്കൊള്ളുന്നു. SEOയുടെ എക്കാലത്തെയും വികസിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിന്റെ മുകളിൽ നിൽക്കാൻ, വോയ്സ് മാർക്കറ്റിംഗുമായി സ്വയം പരിചയപ്പെടുകയും നിങ്ങളുടെ സൈറ്റിനെ വോയ്സ് തിരയലുമായി പൊരുത്തപ്പെടുത്തുകയും ചെയ്യുക. അതിനുള്ള ഒരു മാർഗ്ഗം ബ്ലോഗ് പോസ്റ്റിന്റെ ശീർഷകങ്ങൾ ഒരു ചോദ്യ രൂപത്തിൽ എഴുതുക എന്നതാണ്.

(തുടരും)






# ശങ്കർ
## കാർട്ടൂൺ തൊഴിലായി സ്വീകരിച്ച ആദ്യത്തെ ഭാരതീയൻ

കലാകേരളത്തിന്റെ പ്രതീകമായി നിറഞ്ഞ മനസ്സും നർമ്മങ്ങളുടെ ചായക്കൂട്ടുമായി ഇൻഡ്യയുടെ സിരാ കേന്ദ്രമായ ന്യൂഡൽഹിയിൽ താമസമാക്കിയ ശങ്കറിന്റെ വരകൾ ഹാസ്യത്തിൽ പൊതിഞ്ഞ കൂരമ്പുകളായിരുന്നു. സ്വാതന്ത്ര്യാനന്തര ഇൻഡ്യൻ രാഷ്ട്രീയത്തെ ശുദ്ധീകരിക്കാൻ ശങ്കറിന്റെ കാർട്ടൂണുകൾ സംഭരിച്ചിരുന്ന ശക്തി കാർട്ടൂണുകൾ കാണുന്നവർക്ക് മനസ്സിലാകും. കാർട്ടൂൺ തൊഴിലായി സ്വീകരിച്ച ആദ്യത്തെ ഭാരതീയൻ ആയിരുന്നു ശങ്കർ.

അരനൂറ്റാണ്ടുകാലം കാർട്ടൂൺ രംഗത്തെ അതികായനായും കേരളത്തിലെ പ്രശസ്ത കാർട്ടൂണിസ്റ്റുകളുടെ ഗുരുനാഥനായും ജീവിച്ച കായംകുളത്തുകാരനായ ശങ്കരപ്പിള്ള എന്ന ലോക പ്രശസ്തനായ കാർട്ടൂണിസ്റ്റ് ശങ്കർ നമ്മെ വിട്ടുപിരിഞ്ഞിട്ട് 2022 ഡിസംബർ 26 ന് 33 വർഷം തികഞ്ഞിരിക്കുന്നു. അദ്ദേഹത്തെ കുറിച്ച് എഴുതിയിട്ടു വേണമായിരുന്നു കാർട്ടൂണിസ്റ്റുകളെക്കുറിച്ച് എഴുതി തുടങ്ങേണ്ടത്. താമസിച്ചതിന് ക്ഷമാപണത്തോടെയാണ് ഈ അനുസ്മരണം.

1902 ജൂലൈ 31 ന് പള്ളിപ്പാട്ടുകാരൻ കേശവപിള്ളയുടെയും കായംകുളം ഇല്ലിക്കുളം തറവാട്ടിലെ കൊച്ചുകുഞ്ഞമ്മയുടെയും മകനായി കായംകുളത്ത് ജനിച്ചു. കായംകുളം ചേരാവള്ളി ഗ്രാമത്തിലെ പ്രശസ്തവും സമ്പന്നവുമായ നായർ തറവാടുകളിൽ ഒന്നായിരുന്നു ഇല്ലിക്കുളം തറവാട്. ശങ്കറിന്റെ അമ്മയുടെ മൂത്ത സഹോദരനായിരുന്ന നാരായണ പിള്ളയായിരുന്നു ഇല്ലിക്കുളം തറവാട്ടിലെകാരണവർ. അച്ഛനമ്മമാർ ജീവിച്ചിരിക്കെ അനാഥനായ കുട്ടിയായിരുന്നു ശങ്കരൻ. കേരളത്തിൽ നിലനിന്നിരുന്ന മരുമക്കത്തായത്തിന്റെ കെടുതിയിൽ ശങ്കരൻ അനാഥനാകുകയായിരുന്നു.

കേശവപിള്ള ഗർഭിണിയായ ഭാര്യയെ പ്രസവത്തിനായി ഏഴാം മാസത്തിൽ കായംകുളത്തെ വീട്ടിൽ കൊണ്ടാക്കാൻ എത്തി. കേശവപിള്ള അല്പം മദ്യപിച്ചിരുന്നു. ഇത് വീട്ടിലെ കാരണവർക്ക് തീരെ ഇഷ്ടപ്പെട്ടില്ല. മദ്യപാനികൾ ഇല്ലിക്കുളം തറവാടിന് അപമാനമാണെന്നും ഉടനെ ഇവിടെ നിന്ന് ഇറങ്ങിപ്പോകണമെന്നും മേലിൽ തറവാടിന്റെ പടി കടക്കരുതെന്നും പറഞ്ഞ് കാരണവർ ശങ്കറിന്റെ അച്ഛൻ കേശവപിള്ളയെ അപമാനിച്ച് രാത്രി തന്നെ ഇല്ലിക്കുളത്തു നിന്നും ഇറക്കിവിട്ടു. ഇങ്ങനെ ഒരു കല്യാണം ഇവിടെ നിന്നും നീ കഴിച്ചതായി കരുതേണ്ട എന്നും കേശവപിള്ളയോട് കാരണവർ പറഞ്ഞതായും പറയുന്നു.

കേശവപിള്ള ഒരക്ഷരം പറയാതെ ഇല്ലിക്കുളം തറവാട്ടിൽ നിന്ന് അപമാനിതനായി ഇറങ്ങിപ്പോയി. ഗർഭിണിയായ ഭാര്യയെ ഉപേക്ഷിച്ച് അദ്ദേഹം പോകുക










യല്ലായിരുന്നു. അമ്മാവൻ അദ്ദേഹത്തെ ഇറക്കി വിടുകയായിരുന്നു. ഭർത്താവിനെക്കുറിച്ച് 'പൊട്ടിക്കരയാൻ മാത്രമേ ശങ്കരന്റെ അമ്മയ്ക്ക് കഴിഞ്ഞുള്ളു. അങ്ങനെ വിഷമിച്ച് രണ്ടു മാസം കഴിഞ്ഞപ്പോൾ അവർ കുഞ്ഞിന് ജന്മം നൽകി. കുഞ്ഞിന് ശങ്കരൻ എന്ന് പേരുമിട്ടു. കേശവ പിള്ള മകൻ ശങ്കരപിള്ള. അമ്മാവനും അമ്മായിയും കാശി യാത്ര കഴിഞ്ഞ് മടങ്ങി വന്ന ഉടനെയായിരുന്നു ശങ്കരൻ എന്ന കുട്ടി ജനിച്ചത്. ശങ്കരൻ വളർന്നു തുടങ്ങിയപ്പോൾ കാരണവരായ അമ്മാവൻ മരുമകളെ മാവേലിക്കര മുള്ളിക്കുളങ്ങരയിലെ വരിക്കോയി വീട്ടിലെ ഉണ്ണിത്താനുമായി രണ്ടാം വിവാഹം കഴിപ്പിച്ചു. ഉണ്ണിത്താന്റെ ആദ്യ ഭാര്യ മരിച്ചു പോയി. അദ്ദേഹത്തിന് രണ്ടു മക്കളും ഉണ്ടായിരുന്നു. അന്നത്തെ കാലത്ത് അമ്മാവന്റെ വാക്കുകൾ കൽപ്പനയായിരുന്നതിനാൽ അമ്മ കുട്ടിശങ്കരനെ ഉപേക്ഷിച്ച് ഉണ്ണിത്താന്റെ ഭാര്യയായി. ഇതിനിടയിൽ ശങ്കരന്റെ പിതാവ് കേശവപിള്ളയും മറ്റൊരു വിവാഹം കഴിച്ചിരുന്നു. അങ്ങനെ ശങ്കറിന്റെ സംരക്ഷകർ വല്ല്യമ്മാവൻ നാരായണപിള്ളയും വല്ല്യമ്മായി ജാനകി അമ്മയുമായി മാറി. മാതൃസ്നേഹം അറിയാതെയാണ് ശങ്കരൻ വളർന്നത്. അമ്മയുടെ സഹോദരങ്ങളായിരുന്നു ശങ്കരന്റെ കളിക്കൂട്ടുകാർ.

ഇല്ലിക്കുളം തറവാട്ടിലെ സർപ്പക്കാവും അവിടെ വിളക്കു വെച്ചിരുന്ന സായംസന്ധ്യകളുമൊക്കെ ശങ്കറിന്റെ ബാല്യസ്മരണകളിലുണ്ട്. എൺപത്തിഏഴാം വയസ്സിലും കൺകോണുകളിൽ കുസൃതി ഒളിപ്പിച്ചു നടന്നിരുന്ന ശങ്കറിന്റെ കാർട്ടൂൺ കുസൃതികൾ തുടങ്ങിയത് അദ്ദേഹം മാവേലിക്കരയിലെ സ്കൂൾ വിദ്യാഭ്യാസം ചെയ്യുന്ന കാലത്താണ്. ക്ലാസ് സന്ദർശനത്തിനിടയിൽ പിള്ളേർക്ക് ജോലി നൽകി



ഉറക്കം പിടിച്ച 'ഹെഡ്മാഷാ'യിരുന്നു കഥാപാത്രം. കുറിയ ശരീരത്തിൽ ഒരു വൻകുടവയറുമായി വന്ന അദ്ദേഹം കസേരയിൽ ഇരുന്നിട്ട് മേശമേൽ കാൽ കയറ്റി വെച്ച് ഉറങ്ങുന്നതിനിടയിൽ മുണ്ട് മുട്ടിനെത്രയോ മുകളിലേയ്ക്ക് കയറിപ്പോയിരുന്നു! അതു കാണുമ്പോഴുള്ള കുട്ടികളുടെ രസം പറയേണ്ടല്ലോ? കാൽ കയറ്റി വച്ചിരിക്കുന്നതിനിടയിൽ അദ്ദേഹം കൂർക്കം വലിക്കാനും തുടങ്ങി. കുട്ടിയായ ശങ്കരനിൽ ജനിച്ച ആദ്യത്തെ കാർട്ടൂണും ഇതാണ്.

---

'ഭാരതം എന്ന സ്ത്രീയോട് നിങ്ങൾ ചിരിച്ചേതീരൂ' എന്ന ആഹ്വാനവുമായി രംഗത്തുവന്ന ശങ്കേഴ്സ് വീക്കിലി 1975 ആഗസ്റ്റ് 31 ന് നിർത്തലാക്കി. 'ഒരു ഏകാധിപത്യത്തിൽ ചിരിക്കാൻ പ്രയാസമാണ്' എന്ന ശങ്കറിന്റെ വാക്കുകൾ സൂചനയാക്കി അടിയന്തിരാവസ്ഥയാണ് വീക്കിലിയുടെ മരണത്തിനു കാരണമെന്ന് ചിലർ പറഞ്ഞു പരത്തിയെങ്കിലും അത് സത്യമായിരുന്നില്ല.

---

ശങ്കരൻ വരച്ച കാർട്ടൂൺ കുട്ടികളുടെ എല്ലാം കൈകളിൽ എത്തുകയും അവർ ആർത്തു ചിരിക്കാനും തുടങ്ങി. വൈകാതെ ക്ലാസ് ടീച്ചർ വഴി ഹെഡ്മാഷിന്റെ കൈയിലും ആ കാർട്ടൂൺ എത്തി. അദ്ദേഹം ശങ്കരനെ ആവോളം ശകാരിച്ചു. സ്കൂളിൽ നിന്ന് പുറത്താക്കുന്നതൊഴിച്ച് ബാക്കിയെല്ലാം ഹെഡ്മാഷ് ചെയ്തു. ഭയത്തോടെയാണ് അന്നു വൈകിട്ട് വീട്ടിലേക്ക് ശങ്കരൻ കടന്നു ചെന്നത്. കാർട്ടൂൺ കണ്ട് പൊട്ടിച്ചിരിച്ചു തുടങ്ങിയ അമ്മാവനു മുന്നിൽ ശങ്കറിന്റെ ഭയം അലിഞ്ഞലിഞ്ഞ് ഇല്ലാതെയായി. ഇത്തരം കുസൃതികൾ തിരുവനന്തപുരം മഹാരാജാസ് കോളേജ് ഓഫ് സയൻസിൽ (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്) അവിടെ ഫിസിക്സിൽ ബിരുദപഠനം നടത്തുമ്പോഴും ശങ്കർ വരച്ച കാർട്ടൂണുമായി പരാതി പറയാൻചെന്നകെമിസ്ട്രിപ്രൊഫസർക്ക് വലിയൊരു തിരിച്ചടി കിട്ടി. ശങ്കരൻ വരച്ച പ്രിൻസിപ്പലിന്റെ കാർട്ടൂൺ കെമിസ്ട്രി പ്രൊഫസറെ എടുത്തുകാട്ടി പ്രിൻസിപ്പൽ.






1927–ൽ അദ്ദേഹം ബിഎ പാസ്സായി. നിയമം പഠിക്കാൻ ബോംബെ ലോ കോളേജിൽ ചേർന്നെങ്കിലും നിയമം പഠിക്കുന്നതിൽ അസംതൃപ്തനായ ശങ്കർ നിയമ പഠനം ഉപേക്ഷിച്ചു. കാർട്ടൂൺ വര തുടർന്നു. പല പത്രങ്ങളിലും അദ്ദേഹത്തിന്റെ കാർട്ടൂൺ പ്രത്യക്ഷപ്പെട്ടു തുടങ്ങി. നിരവധി അപേക്ഷകൾ അയച്ചതിനു ശേഷം അദ്ദേഹത്തിന് ബോംബെയിൽ ഒരു ജോലി കിട്ടി. കപ്പൽ ശൃംഖലയുടെ ഉടമയും സിന്ധ്യ സ്റ്റീംഷിപ്പ് കമ്പനി സ്ഥാപകനുമായ നരോത്തം മൊറാർജിയുടെ പ്രൈവറ്റ് സെക്രട്ടറിയായി അഞ്ചു വർഷം ജോലി നോക്കി. ഈ കാലയളവിൽ നാട്ടിൽ തിരിച്ചെത്തി. കോളേജ് വിദ്യാഭ്യാസ കാലത്ത് അദ്ദേഹം സ്നേഹിച്ചിരുന്ന തിരുവനന്തപുരംകാരി തങ്കത്തെ വിവാഹം കഴിച്ചു. മൊറാർജി കുടുംബത്തോടൊപ്പം ജോലി ചെയ്തിരുന്ന കാലത്ത് കോൺഗ്രസ്സുമായും ശങ്കർ ബന്ധപ്പെട്ടിരുന്നു. ബോംബെ ചെഡവ റോഡിലെ ശങ്കറിന്റെ താമസസ്ഥലത്തായിരുന്നു കോൺഗ്രസ് ബുള്ളറ്റിൻ രഹസ്യമായി പ്രിന്റ് ചെയ്തിരുന്നത്. തന്റെ രാഷ്ട്രീയ സമീപനങ്ങൾ ആധാരമാക്കി വരച്ച ശങ്കറിന്റെ കാർട്ടൂണുകൾ ഇടയ്ക്കിടെ 'ബോംബെ ക്രോണിക്കിൾ', 'ഫ്രീ പ്രസ് ജേർണൽ' എന്നിവയിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു. ഗാന്ധിജി, ജയ്കർ തുടങ്ങിയവരടങ്ങിയ രണ്ടാം വട്ടമേശ സമ്മേളനത്തിനുള്ള പ്രതിനിധി സംഘത്തെ ബ്രിട്ടീഷുകാർ ഓടിക്കുന്ന കാർട്ടൂൺ മനോഹരമായ അടിക്കുറിപ്പോടെ പ്രസിദ്ധീകരിച്ചു വന്നു. 'ഗാന്ധിജി തുടങ്ങിയ സംസ്ക്കാരരഹിതമായ ജനക്കൂട്ടത്തെ പിരിച്ചുവിടുക' എന്ന ബ്രിട്ടീഷുകാരുടെ സ്ഥിരം പല്ലവിയെ പരിഹസിച്ചു കൊണ്ടുള്ളതായിരുന്നു ആ കാർട്ടൂൺ.

ബോംബെ ക്രോണിക്കിളിൽ ഈ കാർട്ടൂൺ പ്രസിദ്ധീകരിച്ചപ്പോൾ പ്രഗത്ഭനായ പത്രാധിപർ പോത്തൻ ജോസഫിനെ അത് വളരെ ആകർഷിച്ചു. അര പേജായി ഈ കാർട്ടൂൺ വന്ന ദിവസം പോത്തൻ ജോസഫ് ബസിൽ സഞ്ചരിക്കുന്നതിനിടയിൽ റോഡിലൂടെ നടന്നു പോകുന്ന ശങ്കറിനെ കണ്ടു. ഉടൻ തന്നെ അദ്ദേഹം ബസ് നിർത്തിച്ചിട്ട് ബസ്സിൽ നിന്നും ചാടി ഇറങ്ങി ഓടി റോഡിലൂടെ നടന്നുപോകുന്ന ശങ്കറിനെ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു. പിന്നീട് പോത്തൻ ജോസഫ് 'ഹിന്ദുസ്ഥാൻ ടൈംസിൽ' എഡിറ്ററായപ്പോൾ ശങ്കർ അവിടെ സ്റ്റാഫ് കാർട്ടൂണിസ്റ്റായി. 1932 മുതൽ 1946 വരെ ഹിന്ദുസ്ഥാൻ ടൈംസിൽ വർക്കു ചെയ്തു. അതിനുശേഷം വ്യവസായ പ്രമുഖനായ ഡാൽമിയയുമായി ചേർന്ന് 'ഇൻഡ്യൻ ന്യൂസ് ക്രോണിക്കിൾ' തുടങ്ങി പതിനൊന്നു മാസത്തിനു ശേഷം അതിൽ നിന്നു മാറി. 1948–ൽ ശങ്കേഴ്സ് വീക്കിലി ജനിച്ചു. ആദ്യ ലക്കം പുറത്തിറക്കിക്കൊണ്ട് ജവഹർലാൽ നെഹ്റു പറഞ്ഞ വാക്കുകൾ 'ഡോൺട് സ്പെയർ മി ശങ്കർ' (എന്നെ വെറുതെ വിടരുത് ശങ്കർ എന്നാണ്) 1948 മുതൽ 1964 വരെ ശങ്കർ ആയിരത്തിഅഞ്ഞൂറോളം കാർട്ടൂണുകൾ നെഹ്റുവിന്റെ വരച്ചു. അദ്ദേഹത്തെ വെറുതെ വിട്ടില്ല. ശങ്കേഴ്സ് വീക്കിലി 1957–ൽ ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ് തുടങ്ങി. കുട്ടികളുടെ സാഹിത്യ, പെയിന്റിംഗ് മത്സരങ്ങൾ നടത്താൻ ശങ്കറിന് പ്രചോദനമായി. അന്തർദേശീയ മത്സരമായി ആ പെയിന്റിംഗ് മത്സരം വളർന്നു. നെഹ്റു മരിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ ബുക്ക് ട്രസ്റ്റ് ബിൽഡിംഗ് നെഹ്റു ഹൗസായി. ട്രസ്റ്റിൽ നിന്ന് അഞ്ഞൂറിൽപരം പുസ്തകങ്ങൾ ഇതു വരെ പുറത്തിറങ്ങിയിട്ടുണ്ട്. അതിൽ ധാരാളം പുസ്തകങ്ങൾ ശങ്കറിന്റേതാണ്. നെഹ്റു ഹൗസിൽ 1965–ൽ തുറന്ന ഡോൾസ് ഹൗസിൽ ഇന്ന് ഏഴായിരത്തിലധികം പാവകൾ ഉണ്ട്. ഇതാണ് ലോകത്തിൽ ഏറ്റവും കൂടുതൽ കോസ്റ്റ്യൂം ഡോൾസുള്ള മ്യൂസിയം. ഹംഗറിയിൽ നിന്ന് ശങ്കറിന് സമ്മാനമായി കിട്ടിയ ഒരു പാവയിൽ നിന്നായിരുന്നു മ്യൂസിയത്തിന്റെ തുടക്കം.




കുട്ടികൾക്കായി നെഹ്റു ഹൗസിൽ നാൽപ്പതിനായിരം പുസ്തകങ്ങളുള്ള ഗ്രന്ഥശാലയും വായനശാലയുമുണ്ട്. ചിൽഡ്രൻസ് വേൾഡ് എന്നൊരു മാസികയും ബുക്ക് ട്രസ്റ്റ് പ്രസിദ്ധീകരിക്കുന്നുണ്ട്. 'ഭാരതം എന്ന സ്ത്രീയോട് നിങ്ങൾ ചിരിച്ചേതീരൂ' എന്ന ആഹ്വാനവുമായി രംഗത്തുവന്ന ശങ്കേഴ്സ് വീക്കിലി 1975 ആഗസ്റ്റ് 31ന് നിർത്തലാക്കി. 'ഒരു ഏകാധിപത്യത്തിൽ ചിരിക്കാൻ പ്രയാസമാണ്' എന്ന ശങ്കറിന്റെ വാക്കുകൾ സൂചനയാക്കി അടിയന്തിരാവസ്ഥയാണ് വീക്കിലിയുടെ മരണത്തിനു കാരണമെന്ന് ചിലർ പറഞ്ഞു പരത്തിയെങ്കിലും അത് സത്യമായിരുന്നില്ല. ഹൃദ്രോഗം ശരീരവും കൈയ്യും തളർത്തിയപ്പോൾ ചിൽഡ്രൻസ് വേൾഡ് മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്ന് ട്രസ്റ്റ് പ്രവർത്തകർ തീരുമാനിക്കുകയായിരുന്നു. ശങ്കേഴ്സ് വീക്കിലി നിർത്താൻ










പോകുന്നു എന്നറിഞ്ഞ് പ്രധാന മന്ത്രി ഇന്ദിരാഗാന്ധി എഴുതിയ ഒരു കത്ത് ശങ്കേഴ്സ് വീക്കിലിയിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിങ്ങനെയാണ്.

പ്രിയപ്പെട്ട ശങ്കർ,

ശങ്കേഴ്സ് വീക്കിലി നിർത്താൻ പോകുന്നു എന്ന താങ്കളുടെ തീരുമാനം ഏതാനും ദിവസങ്ങൾക്കു മുൻപ് ഞാൻ മനസ്സിലാക്കുന്നു. കഴിഞ്ഞ ലക്കത്തിൽ ഉള്ള താങ്കളുടെ വിടപറയൽ ലേഖനവും ഞാൻ കണ്ടു. വർഷങ്ങളോളം ഉള്ള ശ്രദ്ധയും പരിശ്രമവും കൊണ്ട് പടുത്തുയർത്തിയ ഒന്നിനെ അടച്ചുപൂട്ടുന്നതിന് വളരെ ഏറെ മാനസിക ശക്തി ആവശ്യമാണ്. താങ്കൾ ഏറ്റവും മെച്ചപ്പെട്ട വിധികർത്താവാണ്. ഒരു പ്രസ്ഥാനമായ ഒരു വ്യക്തിയുടെ ഇത്തരത്തിലുള്ള വേർപാട് അസഹനീയം തന്നെയാണ്.

താങ്കൾ എന്തൊക്കെ ഇനി ഏറ്റെടുക്കുന്നുവോ അതിനെല്ലാം മംഗളം ഭവിക്കട്ടെ. താങ്കളുടെ ആരോഗ്യത്തിന് എല്ലാവിധ ശുഭാശംസകളും.

ആത്മാർത്ഥതയോടെ,

ഇന്ദിരാഗാന്ധി

നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. പദ്മശ്രീയും പദ്മഭൂഷണും, പദ്മവിഭൂഷണും നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു. ശങ്കർ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന ബഹുമതി പോളണ്ടിലെ കുഞ്ഞുങ്ങൾ അദ്ദേഹത്തിനു സമ്മാനിച്ച ഓർഡർ ഓഫ് ദ സ്മൈൽ ആണ്. ശങ്കറിന്റെ ഭാര്യ തങ്കം 1988 സെപ്തംബർ 20ന് ശങ്കറിനേക്കാൾ വളരെ മുൻപേ നിര്യാതയായി. ശങ്കറിന്




രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരുമായിരുന്നു. മൂത്ത പുത്രൻ സുകുമാർ ശങ്കർ (അദ്ദേഹവും നേരത്തെ പോയി.) ഇളയ പുത്രൻ രവിശങ്കർ, പുത്രിമാർ യമുനാ ശങ്കർ, ശന്താശങ്കർ, ലീലശങ്കർ എന്നിവർ ബുക്ക് ട്രസ്റ്റിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പോകുന്നു.

കായംകുളം കൃഷ്ണപുരത്ത് തുടങ്ങിയ ശങ്കർ സ്മാരക ദേശീയ കർട്ടൂൺ മ്യൂസിയത്തിനുള്ളിൽ ശങ്കർ വരച്ച ഒത്തിരി കാർട്ടൂണുകൾ നമുക്ക് കാണുവാൻ സാധിക്കും. 2014 ജൂലൈ 31 ന് വൈകിട്ട് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉത്ഘാടനം നിർവ്വഹിച്ച അവസരത്തിൽ കാർട്ടൂണിസ്റ്റ് ശങ്കറിനെക്കുറിച്ച് അമ്മു മാജിക് അവതരിപ്പിച്ചു. മന്ത്രിമാരായ കെ.സി.ജോസഫിന്റെയും രമേശ്

കലാകാരന്മാർ ഭാവിയെ മുൻകൂട്ടി കാണുന്നവരാണ് എന്ന വസ്തുത ശങ്കറിന്റെ പ്രശസ്തമായ 'ദീപശിഖാ പ്രയാണം' കാണുന്നവർക്ക് മനസ്സിലാകും. അനാരോഗ്യവാനായി ഓടുന്ന നെഹ്റുവിനു പിന്നിൽ ലാൽ ബഹദൂർശാസ്ത്രി, ഗുൽസാരി ലാൽനന്ദ, ഇന്ദിരാഗാന്ധി തുങ്ങിയവർ ഓടുന്ന കാർട്ടൂണാണ് ശങ്കർ വരച്ചത്. നെഹ്റുവിനു ശേഷം ഇവർ ഇതേ ക്രമത്തിൽ പ്രധാന മന്ത്രിമാരായി എന്നത് ചരിത്ര സത്യം. ഇവർക്കു പിന്നിൽ ഓടുന്നവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന മൊറാർജി ദേശായിയും പിന്നീട് പ്രധാനമന്ത്രിയായി.

ചെന്നിത്തലയുടെയും കാർട്ടൂണിസ്റ്റ് ശങ്കറിന്റെ പുത്രിമാരായ യമുനശങ്കറിന്റെയും ശാന്താശങ്കിന്റെയും മുന്നിലാണ് അമ്മുവിന്റെ ജാലവിദ്യ തുടങ്ങിയത്. അമ്മുവിന്റെ കയ്യിലിരുന്ന സഞ്ചി നന്നായി പരിശോധിച്ചിട്ട് ആ സഞ്ചി ശൂന്യമാണന്ന് മനസ്സിലാക്കിയിട്ട് അതിലേക്ക് ഒരു വെള്ളതുണികഷ്ണം മന്ത്രി കെ.സി.ജോസഫ് ഇടുന്നു. അമ്മു തുണി സഞ്ചിയുടെ മുകളിൽ കൈ വീശിയിട്ട് ഇട്ടതുണികഷ്ണം മന്ത്രി കെ.സി.ജോസഫിനെക്കൊണ്ട് പുറത്തേക്ക് എടുപ്പിക്കുന്നു. അവിടെയാണ് അത്ഭുതം നടന്നത്. ശൂന്യമായ തുണിയിൽ കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ചിത്രം പ്രത്യക്ഷപ്പെട്ടു. ശൂന്യമായ ഒരു ട്രാൻസ്പേരന്റ് കവറിലേയ്ക്ക് മന്ത്രി രമേശ് ചെന്നിത്തലയെ കൊണ്ട് ഒപ്പിടുവെച്ച ഒരു പേപ്പർ കഷ്ണം വയ്പ്പിക്കുന്നു. ആ പേപ്പർ രമേശ് ചെന്നിത്തലയെ കൊണ്ട് പുറത്തേയ്ക്ക് എടുപ്പിക്കുമ്പോൾ ആ പേപ്പറിൽ ശങ്കർ വരച്ച ജവഹർലാൽ നെഹ്റുവിന്റെ ചിത്രം തെളിഞ്ഞു വന്നു. അടുത്ത ജാലവിദ്യയ്ക്ക് കാർട്ടൂണിസ്റ്റ് ശങ്കറിന്റെ മക്കൾ പങ്കെടുത്തു. അമ്മുവിന്റെ കയ്യിലിരുന്ന ട്രാൻസ്പേരന്റ് കവറിൽ കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ഒരു ബ്ലാക്ക് & വൈറ്റ് ചിത്രം കിടപ്പുണ്ട്. ആ ബ്ലാക്ക് & വൈറ്റ് ചിത്രം ശങ്കറിന്റെ മക്കളെ കൊണ്ട് പുറത്തേയ്ക്ക് എടുപ്പിച്ചു.







ബ്ലാക്ക് & വൈറ്റ് ചിത്രം നല്ലൊരു കളർ ചിത്രമായി മാറി! ആ ചിത്രം അവർ ഡൽഹിക്ക് കൊണ്ടു പോവുകയും ചെയ്തു.

ശങ്കർ വരച്ച ധാരാളം കാർട്ടൂണുകൾക്കൊപ്പം വരയ്ക്കാൻ ഉപയോഗിച്ച സ്റ്റുഡിയോ ടേബിൾ, കസേര, സ്റ്റാൻഡിംഗ് ലൈറ്റ്, അദ്ദേഹത്തിന്റെ ചാരുകസേര അദ്ദേഹം വരച്ച കാർട്ടൂണുകളും വരയ്ക്കാനുള്ള പേപ്പറുകളും സൂക്ഷിക്കുന്ന ചെറിയ മേശ, അദ്ദേഹം ധരിച്ചിട്ടുള്ള കോട്ട് എന്നിവയെല്ലാം അവിടെയുണ്ട്. ശങ്കർ വരച്ച കാർട്ടൂണുകളും കാരിക്കേച്ചറുകളും നമുക്ക് കാണാൻ സാധിക്കും. നെഹ്റുവിനെയും ഇന്ദിരാഗാന്ധിയേയും കളറിൽ വരച്ചതും കാണാം. ശങ്കറിന്റെ രസകരമായ ഒത്തിരി കാർട്ടൂണുകൾ നമുക്ക് അവിടെ പോയി കണ്ട് ആസ്വദിക്കാം. നെഹ്റുവിനെ കുറിച്ചും ഇന്ദിരാഗാന്ധിയെക്കുറിച്ചും ധാരാളം കാർട്ടൂണുകൾ വരച്ചിട്ടുണ്ട്. വ്യത്യസ്ത ആശയങ്ങളും ചിന്താഗതിയുമുള്ള ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ ഗവർണ്ണർമാരെയും രാജപ്രമുഖരെയും നിസാമിനെയും വിളിച്ചു വരുത്തി പ്രധാനമന്ത്രി സാഹസികമായ ഒരു യോഗം ഡൽഹിയിൽ വിളിച്ചു കൂട്ടിയ അവസരത്തിലും രസകരമായ കാർട്ടൂൺ അദ്ദേഹം വരച്ചിട്ടുണ്ടായിരുന്നു. 1965 ലെ യുദ്ധത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച അടിയന്തിരാവസ്ഥ തുടരുന്നതിൽ ആശങ്കയിലായ ഇന്ത്യൻ നേതാക്കളെ മരത്തിന്റെ മുകളിലാക്കിക്കൊണ്ടു വരച്ച കാർട്ടൂൺ ആരും ശ്രദ്ധിച്ചുപോകും. മരത്തിനടിയിൽ കടൽപോലെ എമർജൻസിയിൽപെട്ടവർ, ഇന്ദിരാഗാന്ധിയുൾപ്പടെയുള്ള നേതാക്കൾ മരത്തിനു മുകളിലാണ്. കോൺഗ്രസ് പാർട്ടി നേതൃത്വത്തിനുവേണ്ടിയുള്ള മൽസരത്തിൽ മൊറാർജി ദേശായി തോൽക്കുകയും ഇന്ദിരാഗാന്ധി വിജയിക്കുകയും ചെയ്ത സാഹചര്യത്തിൽ വരച്ച കാർട്ടൂൺ ഏറെ ആസ്വാദ്യകരമായിരുന്നു.

ഗാന്ധിജിയെ ഉൾപ്പെടുത്തിക്കൊണ്ട് 1947ലെ കാർട്ടൂൺ ആരും മറക്കില്ല. ഇന്ത്യയും പാക്കിസ്ഥാനും എന്ന പേരിൽ രാജ്യം വിഭജിക്കുന്ന സന്ദർഭത്തിൽ വരച്ച കാർട്ടൂണാണത്. വിഭജനം ഒഴിവാക്കാൻ ഗാന്ധിജിയുടെ അവസാന ശ്രമമാണ് കാർട്ടൂണിൽ.

കലാകാരന്മാർ ഭാവിയെ മുൻകൂട്ടി കാണുന്നവരാണ് എന്ന വസ്തുത ശങ്കറിന്റെ പ്രശസ്തമായ 'ദീപശിഖാ പ്രയാണം' കാണുന്നവർക്ക് മനസ്സിലാകും. ജവഹർലാൽ നെഹ്റു മരിക്കുന്നതിന് പത്തു ദിവസം മുൻപ് വരച്ച കാർട്ടൂണാണത്. നെഹ്റുവിനു ശേഷം ആര്? എന്ന ചോദ്യത്തിന്റെ ഉത്തരംപോലെ ഹാസ്യത്തിന്റെമേമ്പൊടി കലർത്തി വരച്ച ഈ കാർട്ടൂണാണ് ഉറ്റ സുഹൃത്തായ നെഹ്റുവിനെ കഥാപാത്രമാക്കി ശങ്കർ വരച്ച അവസാന കാർട്ടൂൺ. അനാരോഗ്യവാനായി ഓടുന്ന നെഹ്റുവിനു പിന്നിൽ ലാൽ ബഹദൂർശാസ്ത്രി, ഗുൽസാരിലാൽ നന്ദ, ഇന്ദിരാഗാന്ധി തുടങ്ങിയവർ ഓടുന്ന കാർട്ടൂണാണ് ശങ്കർ വരച്ചത്. നെഹ്റുവിനു ശേഷം ഇവർ ഇതേ ക്രമത്തിൽ പ്രധാനമന്ത്രിമാരായി എന്നത് ചരിത്ര സത്യം. ഇവർക്കു പിന്നിൽ ഓടുന്നവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന മൊറാർജി ദേശായിയും പിന്നീട് പ്രധാനമന്ത്രിയായി.

ലോകത്തെ രസിപ്പിച്ച ശങ്കറിന്റെ കാർട്ടൂണുകൾ ശങ്കർ ജനിച്ചു വളർന്ന കായംകുളത്ത് അദ്ദേഹത്തിന്റെ സ്മാരകമായി എത്തിക്കഴിഞ്ഞു. വിവിധ രാജ്യങ്ങളിൽ നിന്ന് അദ്ദേഹം ശേഖരിച്ച എട്ടു പാവകൾ, ശങ്കേഴ്സ് പെയിന്റിംഗ് മൽസരത്തിൽ വിവിധ രാജ്യങ്ങളിലെ കുട്ടികൾ വരച്ച സമ്മാനാർഹമായ ചിത്രങ്ങളും ഇവിടെയുണ്ട്. മറ്റു കാർട്ടൂണിസ്റ്റുകൾ ശങ്കേഴ്സ് വീക്കിലിയിൽ വരച്ചിട്ടുള്ള കാർട്ടൂണുകളും ചില കാർട്ടൂണിസ്റ്റുകളുടെ ആദ്യകാല കാർട്ടൂണുകളും ഇവിടെ കാണാം. കലാകേരളത്തിന്റെ പ്രതീകമായി നിറഞ്ഞ മനസ്സും നർമ്മങ്ങളുടെ ചായക്കൂട്ടുമായി ഇൻഡ്യയുടെ സിരാകേന്ദ്രമായ ന്യൂഡൽഹിയിൽ താമസമാക്കിയ ശങ്കറിന്റെ വരകൾ ഹാസ്യത്തിൽ പൊതിഞ്ഞ കൂരമ്പുകളായിരുന്നു. സ്വാതന്ത്ര്യാനന്തര ഇൻഡ്യൻ രാഷ്ട്രീയത്തെ ശുദ്ധീകരിക്കാൻ ശങ്കറിന്റെ കാർട്ടൂണുകൾ സംഭരിച്ചിരുന്ന ശക്തി കാർട്ടൂണുകൾ കാണുന്നവർക്ക് മനസ്സിലാകും. കാർട്ടൂൺ തൊഴിലായി സ്വീകരിച്ച ആദ്യത്തെ ഭാരതീയൻ ആയിരുന്നു ശങ്കർ. കാർട്ടൂണുകൾ ആസ്വദിക്കാൻ, കാർട്ടൂണിനെക്കുറിച്ച് മനസ്സിലാക്കാൻ ശങ്കറിന്റെ മണ്ണിലെ ശങ്കർ സ്മാരകത്തിലേക്കു തന്നെ വരിക ! ●






**എൽ.രാജശേഖരൻ മുതുകുളം**



ഇഫെക്ടീവ് ആഡ്കോം EFFECTIVE

# ADCOM

മലയാളത്തിലെ ആദ്യത്തെ അഡ്വർടൈസിംഗ് & മാർക്കറ്റിംഗ് മാസിക

Share your photograph on instagram with tag #letssmileadcom & #effectiveadcommagazine Photographs of selected models will be published in modeling page of Effective Adcom.

You can also mail your photographs and contact details to us:

effectiveadcom@gmail.com

Ph: 08593 998705

effectiveadcom effective-adcom

#letssmileadcom







**CONCEPT SHOOT**

Concept:
**Lesbian Love**

Costume Designer :
**Smruthy Simon**

Co-ordinators :
**Reshma Sreeju &**
**Resmi Nanda**

Makeup & hair:
**Jijo Jo**

Assistant:
**Rejeena RJ Fashion**

Photography :
**Franks Sebz**

Footages:
**Ajith Krishnan**

Art & Location Manager:
**Suresh M.P.**

Models :
**Minnu Salvatore**
**Abhirami**















# ഭട്ടതിരിയുടെ അക്ഷര വിശേഷങ്ങൾ

അക്ഷരങ്ങളുടെ അനാട്ടമിയിലൂടെ സഞ്ചരിച്ച് അക്ഷരങ്ങളുടെ ആത്മാവിനെ തേടുകയാണ് ചിത്രകാരനായ നാരായണ ഭട്ടതിരി എന്ന കാലിഗ്രാഫർ.

നല്ല അക്ഷരങ്ങൾ കണ്ട് നിർവൃതി അണയാത്തവർ കുറവാണ്. ഏതെങ്കിലും ഒരു പരസ്യത്തിന്റെ പോസ്റ്ററിലോ ചില കടകളിലെ ബോർഡോ നന്നായി എഴുതിയിരിക്കുകയാണെങ്കിൽ ആരും ആ ബോർഡും പോസ്റ്ററും നോക്കി നിൽക്കും. എഴുതിയിരിക്കുന്ന അക്ഷരങ്ങൾക്ക് പ്രത്യേകതയുണ്ടെങ്കിൽ ശ്രദ്ധിക്കാൻ ആൾക്കാർ കൂടും. അക്ഷരങ്ങളുടെ അനാട്ടമിയിലൂടെ സഞ്ചരിച്ച് അക്ഷരങ്ങളുടെ ആത്മാവിനെ തേടുകയാണ് ചിത്രകാരനായ നാരായണ ഭട്ടതിരി എന്ന കാലിഗ്രാഫർ.

അദ്ദേഹം എഴുതുന്ന അക്ഷരങ്ങൾ ആരുടെയും മനസ്സിൽ പതിയും. ഭട്ടതിരി ശീർഷകമെഴുതിയിട്ടുള്ള (കാലിഗ്രാഫ്) പ്രശസ്തരായ നോവലിസ്റ്റുകളുടെ നോവലുകളുടെ ഒരു നീണ്ട നിരതന്നെ കാണാം. രണ്ടാമൂഴം – എം.ടി.വാസുദേവൻ നായർ, പ്രവാചകന്റെ വഴി – ഒ.വി.വിജയൻ, നീർമാതളം പൂത്തകാലം – മാധവിക്കുട്ടി, അധികാരം – വി.കെ. എൻ, ദൈവത്തിന്റെ വികൃതികൾ – എം.മുകുന്ദൻ, ആറാം വിരൽ – മലയാറ്റൂർ രാമകൃഷ്ണൻ, ഭഗവതിച്ചൂട്ട് – യു.എ.ഖാദർ, പരിണാമം – എം.പി.നാരായണ പിള്ള.

ഇങ്ങനെ എത്രമാത്രം നോവലുകൾ. അതുപോലെ തന്നെ മനോരമയുടെ എംടി സിഡിക്കായി ഭട്ടതിരി ശീർഷകമെഴുതി. എല്ലാം ഒന്നിനൊന്നുമെച്ചം. ആഴ്ചപ്പതിപ്പിന്റെ സമയ സമ്മർദ്ദമില്ലാതെ വരച്ചതുകൊണ്ടു കൂടിയാവണം അവ ഭട്ടതിരിയുടെ ഏറ്റവും മികച്ച സൃഷ്ടികളാന്നെന്ന് അത് കാണുമ്പോൾ ആർക്കും തോന്നുമായിരുന്നു.

അക്ഷര ലോകത്താണ് നാരായണ ഭട്ടതിരിയുടെ ജനനം. അദ്ദേഹത്തിന്റെ അച്ഛൻ പരമേശ്വരൻ ഭട്ടതിരിക്കു മാവേലിക്കരയിൽ ഒരു പ്രിൻറിംഗ് പ്രസ് ഉണ്ടായിരുന്നു. ടൈപ്പ് ഫൗണ്ടറിയുടെ കാറ്റലോഗിലാണ് പല തരത്തിലുള്ള ടൈപ്പ് ഫേസുകൾ നാരായണൻ ഭട്ടതിരി ആദ്യമായി കാണുന്നത്. അന്നു മുതലേ നോട്ടുബുക്കുകളിൽ ടൈപ്പ് എഴുതികളിക്കുന്നത് ഭട്ടതിരിയ്ക്ക് വലിയ കമ്പമായിരുന്നു. 'ഭട്ടതിരിയുടെ കൈപ്പട പ്രദർശനം' വർഷങ്ങൾക്കു മുൻപ് അടിച്ചിറക്കിയതിൽ നിന്ന് അദ്ദേഹത്തിന്റെ കഥ ചുരുക്കമായി നമുക്ക് വായിച്ചു നോക്കാം.

''എന്റെ പേര് നാരായണ ഭട്ടതിരി. വയസ്സ് 63. അച്ഛൻ പരമേശ്വരൻ ഭട്ടതിരി. അമ്മ ശ്രീദേവി. ഭാര്യ മിനി. മക്കൾ അപ്പുവും, രാമുവും. അപ്പു സിനിമാക്കാരൻ,



നാരായണ ഭട്ടതിരി





തലതിരിച്ചും വായിക്കാവുന്ന ടൈറ്റിലുകൾ

രാമു യു കെ യിൽ ജോലി ചെയ്യുന്നു. പഠിക്കാൻ അത്ര മിടുക്കനായിരുന്നില്ല ഞാൻ, ചിത്രം വരയിലായിരുന്നു താൽപ്പര്യം മുഴുവനും.

പത്തുപതിനൊന്നു വയസ്സുള്ളപ്പോൾ 'കഞ്ഞി വക്കാനുള്ള കലം കണ്ടിട്ടുണ്ടോ നിങ്ങൾ' 'അപ്പൂപ്പൻ പാർക്കുന്ന വീടുകണ്ടോ, വീടിന്റെ മുമ്പിലൊരു മുറ്റം കണ്ടോ', എന്ന് ഞാൻ പാടി മുറ്റത്ത് വരച്ചു കളിക്കുമായിരുന്നു. നാലാം ക്ലാസിൽ പഠിക്കുമ്പോൾ വെള്ളിയാഴ്ച ഇന്റർവെല്ലിന് കൂടുതൽ സമയമുണ്ടായിരുന്നു. അന്നേരം പെയിൻറിംഗ് സ്കൂളിൽ പോയി അവിടുത്തെ കുട്ടികൾ ചിത്രം വരയ്ക്കുന്നതും ശില്പങ്ങൾ ഉണ്ടാക്കുന്നതും ജനലിൽക്കൂടി നോക്കി നിന്നിട്ടുണ്ട്. ഒരു പക്ഷേ അതൊക്കെ കൊണ്ടാവാം പടം വര പഠിക്കാൻ മോഹമുണ്ടായത്. എന്റെ കുടുംബത്തിലെ ആണുങ്ങൾ എല്ലാവരും വരയ്ക്കും. പക്ഷെ ആരും പടം വര പഠിച്ചിട്ടില്ല. മണിയൻ ചേട്ടനും കുട്ടൻ ചേട്ടനുമൊക്കെ വരയ്ക്കുന്നതു കണ്ടാൽ ഞെട്ടിപ്പോവും.

അച്ഛന് പ്രിന്റിംഗ് പ്രസ്സുണ്ടായിരുന്നു. ടൈപ്പ് ഫൗണ്ടറിയുടെ കാറ്റലോഗിലാണ് പല തരത്തിലുള്ള ടൈപ്പ്ഫേസ് ആദ്യമായി കാണുന്നത്. അന്ന് ആ കാറ്റലോഗിന്റെ ഓർമ്മവെച്ച് നോട്ടു ബുക്കിൽ സ്വന്തം പേരെഴുതി കളിക്കുമായിരുന്നു. പഠിക്കാനുള്ള കവിതയുടെ ഒരു വരിയൊക്കെ പല രീതിയിൽ എഴുതി അനിയത്തിയെ കാണിക്കാറുണ്ടായിരുന്നു. മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ പഠിക്കുമ്പോൾ ഞാൻ എഴുതുന്നത് കണ്ട പ്രദീപ് എന്ന കൂട്ടുകാരൻ ഒരു കാര്യം ചെയ്യാനാവശ്യപ്പെട്ടു. ഓരോ ദിവസവും ഓരോ പോസ്റ്റർ എഴുതിക്കൊണ്ടുവരണമെന്ന് പറഞ്ഞു. വൈകുന്നേരമാകുമ്പോൾ പ്രദീപ് മാറ്റർ തരും. ഞാനത് അടുത്തനാൾ പോസ്റ്ററാക്കി എഴുതിക്കൊണ്ടുവരും. സമരമൊന്നുമില്ലാത്ത ദിവസമാണെങ്കിൽ നെരൂദയുടെയും ബ്രെഹ്തിന്റെയുമൊക്കെ വരികളാവും എഴുതാൻ കിട്ടുക. അതിനിടയ്ക്കാണ് ഡി.തങ്കപ്പൻ നായർ എന്ന ഹിന്ദി സാർ (സർ ഒത്തിരി കഥകൾ ഹിന്ദിയിൽ നിന്നും മലയാളത്തിലേക്കും മറിച്ചും പരാഭാഷപ്പെടുത്തിയിട്ടുണ്ട്) തിരുവനന്തപുരത്തെ ഒരു പബ്ലിഷറെ പരിചയപ്പെടുത്തിത്തന്നത് - കാവാലം ഗോവിന്ദൻ കുട്ടി നായർ. കുട്ടികളുടെ മാസികയുണ്ടായിരുന്നു അദ്ദേഹത്തിന് ബാലാരാമം. അവധി ദിവസങ്ങളിലും വാരാന്ത്യങ്ങളിലും പന്തളത്തുനിന്നും തിരുവനന്തപുരത്തു വന്ന് ബാലാരാമത്തിന് കൊച്ചു കൊച്ച് പടങ്ങൾ വരയ്ക്കുമായിരുന്നു.



തങ്കപ്പൻ നായർ സാറാണ് ഫൈൻ ആർട്സ് കോളേജിൽ ചേരുന്നതിനെപ്പറ്റി പറഞ്ഞത്. ബി.എ. മലയാളം അവസാന വർഷം പഠിപ്പ് നിർത്തി ഫൈൻ ആർട്ട്സ് കോളേജിൽ ചേർന്നു. പെയിന്റിംഗ് ആയിരുന്നു പഠിച്ചത്. ഇത്രേം പ്രായമായിട്ട് വീട്ടിൽ നിന്നും കാശുവാങ്ങാൻ എന്തോ ഒരു മടി തോന്നി. അങ്ങിനെയാണ് പഠിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ കൊമേഴ്സ്യൽ വർക്ക് ചെയ്യാൻ തീരുമാനിച്ച് എസ്.രാജേന്ദ്രനെ കാണുന്നത്. രാജേന്ദ്രൻ ഒരു സിനിമയുടെ ശീർഷകമെഴുതിക്കൊണ്ടുവരാൻ പറഞ്ഞു. ഞാൻ ശീർഷകം എഴുതിക്കൊണ്ടുചെന്നു. രാജേന്ദ്രന് അത് ഇഷ്ടമായി. രാജേന്ദ്രന്റെ അസിസ്റ്റന്റായി, ക്ലാസ് കഴിഞ്ഞ് വൈകുന്നേരങ്ങളിൽ പണിയെടുക്കും. അപ്പോഴാണ് കലാകൗമുദിയിൽ ആർട്ടിസ്റ്റായി രാജേന്ദ്രന് ജോലി കിട്ടുന്നത്. രാജേന്ദ്രന്റെ സഹായിയായി ഞാനും കലാകൗമുദിയിലെത്തി.രാജേന്ദ്രൻ ലേഔട്ട് ചെയ്യും. ഞാൻ ശീർഷകമെഴുതും. ശശിയാണ് പേസ്റ്റ് - അപ്പ് ആർട്ടിസ്റ്റ്.

രാജേന്ദ്രനാണ് എന്നെ കാലിഗ്രാഫി കുപ്പായം അണിയിച്ചത്. ആഴ്ചയിൽ രണ്ടു ദിവസം മാത്രമാണ് ജോലി. അക്കാലത്ത് കലാകൗമുദി, കഥ, ഫിലിം മാഗസിൻ പിന്നെ ട്രയൽ എന്നിവയ്ക്കൊക്കെ തലക്കെട്ടെഴുതണം. ചിത്രം വരയ്ക്കുന്ന നമ്പൂതിരി കഥ വായിച്ചിട്ടാണ് വരയ്ക്കുന്നത്. എനിക്കാവട്ടെ ആകെ കിട്ടുന്നത് തലക്കെട്ടാണ്. പലപ്പോഴും ആരുടെ കഥയാണെന്നുപോലുമറിയില്ല. ആ സമയത്ത് വാക്കോ വാക്കുകളോ ഉളവാക്കുന്ന ഒരു അനുഭവമില്ലേ അതു വെച്ച് ഒറ്റക്കാച്ചാണ്.



തലതിരിച്ചും വായിക്കാവുന്ന ടൈറ്റിലുകൾ

നന്നായാൽ നന്നായി. പൊളിഞ്ഞാൽ പൊളിഞ്ഞു. ആരും അത്ര ഗൗരവമായിട്ടൊന്നും എടുത്തതായിട്ടു തോന്നിയിട്ടില്ല. രണ്ടു ദിവസം കൊണ്ട് പത്തുനാൽപ്പത് ടൈറ്റിലെഴുതണം. എനിക്കിഷ്ടമായിരുന്നു ആ പണി. പിന്നെ എങ്ങിനെയും എഴുതാൻ ഉള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. മുമ്പ് ചിത്രകാരന്മാരായിരുന്നു ശീർഷകമെഴുതിയിരുന്നത്. എനിയ്ക്ക് പടം വരയ്ക്കാൻ അവസരം കിട്ടിയില്ല. ഒരു കണക്കിന് നന്നായി എന്നു തോന്നുന്നു. മറുകണക്കിന് അത്ര നന്നായില്ലതാനും.

ഗോപാലന്റെയും (ജനയുഗം) എ.എസ്സിന്റെയും (മാതൃഭൂമി) വി.എം.ബാലന്റെയും (കൗമുദി) സി.എൻ.കരുണാകരന്റെയും വർക്കൊക്കെ കണ്ടിട്ടുണ്ട്. ഗുരു തുല്യർ. മാത്രമല്ല, കടകളുടെ ബോർഡും ചുവരെഴുത്തുമൊക്കെ ശ്രദ്ധിക്കുമായിരുന്നു. ബോർഡിന്റെയൊക്കെ അറ്റത്ത് കാണുന്ന ആർട്ടിസ്റ്റിന്റെ പേരും ശ്രദ്ധിക്കുമായിരുന്നു. അതിന്റെയൊക്കെ സ്വാധീനം എന്റെ വർക്കിലുമുണ്ടായിട്ടുണ്ട്. പ്രഗത്ഭരായ നാല് എഡിറ്റർമാരുമായി പണിയെടുക്കാൻ എനിക്കവസരമുണ്ടായിട്ടുണ്ട്. എം.എസ്.മണി, എസ്.ജയചന്ദ്രൻ നായർ, എൻ.ആർ.എസ്സ്.ബാബു, എം.പി.നാരായണപിള്ള തുടങ്ങിയ വ്യത്യസ്ത നാല് പ്രതിഭകൾ. ഞാൻ കൂടുതലും കണ്ടെഴുതിട്ടുള്ളത് എസ്.ജയചന്ദ്രൻ നായരുടെ കൈപ്പടയാണ്. (അതുകൊണ്ടാവണം കചടതപ കണ്ടിട്ട് സാറ് പറഞ്ഞത് ഇതൊക്കെ നമ്മൾ എഴുതിയതാണല്ലോ എന്ന്)

പണ്ടെഴുതിയ ചിലതൊക്കെ കാണുമ്പോൾ ഇപ്പോൾ അതിനേക്കാളും നന്നായി ചെയ്യാമെന്ന് തോന്നാറുണ്ട്. ഒരു പക്ഷേ വെറും തോന്നലാവും അത്. ലീല എന്ന വാക്ക് വരച്ചെഴുതാൻ കിട്ടുമ്പോൾ എന്റെ മനസ്സിലൊരു ലീല ഉണ്ടാവും. അങ്ങനെ വരച്ചെഴുതാൻ ശ്രമിക്കും. ആശാന്റെ ലീലയല്ല എന്നല്ലാതെ ആരുടെ കഥയെന്നോ കവിതയെന്നോ എനിക്കറിയില്ലല്ലോ. അതു കൊണ്ടു തന്നെ കവിയോ കഥാകൃത്തോ ഉദ്ദേശിച്ചതു തന്നെയാണ് ഞാനെഴുതി വച്ചതെന്നൊന്നും പറയാനാവില്ല.

പണ്ടൊക്കെ പേനയും ബ്രഷും ഉപയോഗിച്ചാണ് എഴുതിയിരുന്നത്. ഇപ്പോൾ ധാരാളം കാലിഗ്രാഫി ടൂളുകൾ ഉപയോഗിക്കുന്നുണ്ട്. നാൽപ്പതു വർഷം കഥയറിയാതെ ഞാൻ ശീർഷകമെഴുതി. കൊള്ളാമെന്ന് ചിലരൊക്കെ പറയുന്നു. സന്തോഷം. ഇത് ഫോണ്ടാക്കണം എന്ന് എന്റെ ചില സുഹൃത്തുക്കൾ. ആയിക്കോട്ടെ. ശീർഷകമെഴുത്തായിരുന്നു എന്റെ അന്നം ബ്രഹ്മം. ഞാനെഴുതിയിട്ടുള്ളതിന്റെ കൂലി എനിക്ക് കിട്ടിയിട്ടുണ്ട് (കിട്ടാനുള്ളതുമുണ്ട്). ആർക്കെങ്കിലും എന്റെ ഈ വിദ്യ പഠിക്കണമെന്നുണ്ടെങ്കിൽ എന്റെ സമയക്കുറവിന്റെ പരിമിതിക്കുള്ളിൽ എനിക്കറിയാവുന്നത് പങ്കുവെയ്ക്കാൻ ഞാൻ തയ്യാറാണ്. ചെറുതാണെങ്കിലും നല്ല വെടിപ്പുള്ള പാരമ്പര്യത്തിന്റെ ഒരു കണ്ണി മാത്രമാണ് ഞാൻ. എനിക്കു ശേഷമല്ല പ്രളയം. ഈ എഴുതിയത് വായിച്ചെങ്കിൽ ഞാൻ 'വരച്ചെഴുതിയത്' വെറുതെയായില്ല.''

ശീർഷകത്തിന്റെ ഇന്ദ്രജാലങ്ങൾ ഏകദേശം അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് മനസ്സിലായല്ലോ. ഭട്ടതിരി എഴുതിയിട്ടുള്ള ഒരു ടൈറ്റിലും ആരുടെയും മനസ്സിൽ നിന്ന് മാറുകയില്ല. അജ്ഞാതന്റെ ഉയരാത്ത സ്മാരകം, നടന്നകലുന്നത്, കന്യക, കൈയ്യൊപ്പ്, അക്കൽദാമയിൽ പൂക്കൾ വിടരുമ്പോൾ, ആന, അമ്മ, കണ്ണട, കിളിവാതിൽ, എഴുത്തച്ഛൻ തുടങ്ങി ഒത്തിരി പ്രത്യേകതകളോടെ ചെയ്തിട്ടുള്ളത് ആരുടെയും മനസ്സിൽ നിന്നും മാറുകയില്ല. ഒരുപാട് സിനിമകളുടെ പേരുകളും അദ്ദേഹം എഴുതിയതാണ്. ഓമനത്തിങ്കൾ, അന്യർ, ഇടവപ്പാതി, എന്നു നിന്റെ മൊയ്തീൻ, ക്ലിന്റ്, സ്വം, കൂടെ, പത്മിനി, കണ്ണേമടങ്ങുക, ഒറ്റമുറിവെളിച്ചം, നിഴൽ, ഓട്ടോറിക്ഷാക്കാരന്റെ ഭാര്യ ഇങ്ങനെ ഒരു പാട് സിനിമകളുടെ പേരുകൾ ഉണ്ട്. അക്ഷരങ്ങൾ കൊണ്ട് അദ്ദേഹം സൃഷ്ടിക്കുന്ന ചിത്രങ്ങൾ ആരുടെയും മനസ്സിൽ ഓടിയെത്തും. നിരവധി അന്താരാഷ്ട്രാ പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്. ചൈനയിലെ കാലിഗ്രാഫി സ്റ്റോൺ പാർക്കിൽ ഇന്ത്യയിൽ നിന്നുള്ള രണ്ടു കാലിഗ്രാഫി രചനകളാണ് സ്ഥാനം പിടിച്ചിട്ടുള്ളത്. ഒന്ന് രവീന്ദ്രനാഥടാഗോറിന്റേതും രണ്ടാമത്തേത് ഭട്ടതിരിയുടേതും ഇങ്ങനെ എടുത്തെടുത്ത് എഴുതാൻ ഒത്തിരി സൃഷ്ടികൾ ഉണ്ട്. തിരിച്ചു മറിച്ചും വായിക്കാവുന്ന ടൈറ്റിലുകൾ ഒരുപാട് അദ്ദേഹം ചെയ്തിട്ടുണ്ട്. ഈ രംഗത്തേയ്ക്ക് മറ്റുള്ളവർ കടന്നു വരണമെന്ന് ആഗ്രഹിക്കുന്ന ആളാണ് അദ്ദേഹം. അക്ഷരങ്ങളുടെ സൗകുമാര്യം അടുത്തു നിന്നറിയാൻ തിരുവനന്തപുരത്തെ ഫോറസ്റ്റ് ഓഫീസിനു സമീപം ഒരു ഗാലറി തന്നെ തുറന്നു. കേരളത്തിലെ മാത്രമല്ല ഇന്ത്യയിലെ തന്നെ ആദ്യത്തേതാണ് 'കചടതപ' എന്ന കാലിഗ്രാഫി ഗാലറി. അക്ഷരകലയുടെ മനോഹാരിത നേരിട്ടറിയുവാൻ കലാസ്വാദകരെ ഭട്ടതിരി 'കചടതപ' യിലേക്ക് സ്വാഗതം ചെയ്യുന്നു. ●



**എൽ.രാജശേഖരൻ മുതുകുളം**

Coming soon

ഇഫെക്ടീവ് ആഡ്കോം eFFECTIVE

# ADCOM

## Advertising
## Marketing
## Media
## Summit

**(AAMMS)**

*Inviting*

**Partners, Presenters, Participants & Petrons**

For more details contact
effectiveadcom@gmail.com



# സമയത്തിന് മുമ്പായി സഞ്ചരിക്കുക

പന്ത്രണ്ടുലക്ഷം പേരാണ് ലോകകപ്പുകാണാൻ ഖത്തറിലെത്തിയത്. ഇവർക്കാകട്ടെ എയർപോർട്ടിൽ ചെലവഴിക്കേണ്ടിവന്നത് പതിനഞ്ചു നിമിഷം മാത്രം. ഒന്നരമണിക്കൂർ സമയമെടുത്താണ് കൊച്ചി എയർപോർട്ടിൽ നിന്നും വിവിധ പരിശോധനകൾക്കു ശേഷം എയർ ഇന്ത്യ വിമാനത്തിൽ കയറാൻ കഴിഞ്ഞത് !

കഴിഞ്ഞ രണ്ടു മാസം യാത്രയുടേതായിരുന്നു. ലോകകപ്പ് കാണാൻ ഖത്തറിലേക്കുള്ള ആ യാത്രയുടെ ബാക്കി പത്രമാണ് ഈ കുറിപ്പ്. മനുഷ്യന് സ്വയം വളരാൻ ഏറെ സഹായിക്കുന്ന ഒന്നാണല്ലോ യാത്ര. കളിയുടെ കനക പോരാട്ടങ്ങളുടെ വിസ്മയ ഭൂമിയിലേക്കാണ് പുറപ്പെട്ടതെങ്കിലും പറന്നിറങ്ങിയത് ആധുനികശാസ്ത്രം കൈവരിച്ച അവിശ്വസനീയമായ സ്വപ്ന നേട്ടം കൈവരിച്ച നിർമ്മിത ബുദ്ധിയുടെ ലോകത്താണ്. നിർമ്മിത ബുദ്ധിയെ എങ്ങനെ ഉത്തരവാദിത്വത്തോടെയും ക്രിയാത്മകമായും കൈകാര്യം ചെയ്യാം എന്നതിന്റെ വിളനിലമായിരുന്നു ദോഹയിലെ ഹമ്മദ് എയർപോർട്ട്. ലോകകപ്പ് വിശ്വമേളയിലേക്ക് സ്വാഗതമോതിയുള്ള വർണ്ണ മനോഹരമായ അടയാളങ്ങൾകൊണ്ട് സമ്പന്നമായിരുന്നു അവിടം.

ഒന്നരമണിക്കൂർ സമയമെടുത്താണ് കൊച്ചി എയർപോർട്ടിൽ നിന്നും വിവിധ പരിശോധനകൾക്കു ശേഷം എയർ ഇന്ത്യ വിമാനത്തിൽ കയറാൻ കഴിഞ്ഞത്. അതുകൊണ്ടുതന്നെ ലോകകപ്പിന്റെ ആരവത്തിൽ പങ്കുചേരാൻ വരുന്ന പതിനായിരങ്ങളെ ഇവിടെ എങ്ങനെ കൈകാര്യം ചെയ്യും എന്ന പേടി എനിക്കുണ്ടായിരുന്നു. ലോകകപ്പ് കാണാൻ വരുന്ന സന്ദർശകർക്കു മാത്രമേ ഈ ദിവസങ്ങളിൽ പ്രവേശനം ഉണ്ടായിരുന്നുള്ളു എങ്കിലും അവർ നിർമിത ബുദ്ധിയുടെ സഹായത്തോടെ ഏർപ്പെടുത്തിയ പദ്ധതി എങ്ങനെ ക്രിയാത്മകമായി കൈകാര്യം ചെയ്യാം എന്നതിന്റെ ഉദാഹരണമായിരുന്നു യാത്രക്കാരുടെ പാസ്പോർട്ട് പരിശോധിക്കാനും മറ്റും ആരെയും അവിടെ ചട്ടംകെട്ടി ഏർപ്പെടുത്തിയിരുന്നില്ല എന്നത് എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി.

പകരം മനുഷ്യവികാരങ്ങളെ അപഗ്രഥിക്കുവാനും പ്രവചിക്കുവാനും കഴിയുന്ന വെർച്വൽ അസിസ്റ്റന്റുകളുടെയും സ്മാർട്ട് ഗാഡ്ജറ്റുകളുടെയും സഹായമാണ് ഇതിനായി ഉപയോഗപ്പെടുത്തിയത്. പന്ത്രണ്ടു ലക്ഷം പേരാണ് ലോകകപ്പുകാണാൻ ഖത്തറിലെത്തിയത്. ഇവർക്കാകട്ടെ എയർപോർട്ടിൽ ചെലവഴിക്കേണ്ടിവന്നത് പതിനഞ്ചു നിമിഷം മാത്രം. എഫക്ടീവ് കമ്പ്യൂട്ടിങ്ങ് എന്ന സാങ്കേതിക വിദ്യയാണ് ഇതിനായി ഉപയോഗപ്പെടുത്തിയത്. മനുഷ്യ വികാരങ്ങളെ അപഗ്രഥിക്കാനും പ്രവചിക്കാനും കഴിയുന്നതാണിത്. ഈ സാങ്കേതിക വിദ്യ മനുഷ്യരിലെ 'വൈവാരിക വ്യവസ്ഥകൾ' അനുമാനിക്കുന്നതിനായി മനുഷ്യവികാരങ്ങളിൽ അനുഭവപ്പെടുന്ന ശരീരശാസ്ത്രപരമായ മോഡുലേഷനുകളായാണ് കൈകാര്യം ചെയ്യുന്നത്. എഫക്ടീവ് കമ്പ്യൂട്ടർ മോഡലുകൾ വികാരങ്ങളെ മനുഷ്യന്റെ ശരീരത്തിൽ നിന്നും വേർതിരിച്ചെടുക്കാൻ കഴിയുന്ന 'വിവരങ്ങൾ' കണ്ടെത്തുന്നു.

നിർമിത ബുദ്ധിയുടെ ഈ കടന്നുകയറ്റം ആളുകളുടെ സ്വകാര്യതയെ അപകടപ്പെടുത്തും എന്ന് ലോകം ഭയപ്പെടുന്നുണ്ടെങ്കിലും ആധുനിക സാങ്കേതികവിദ്യയുടെ ഒത്തുചേരൽ ലോകകപ്പ് പോലുള്ള വേളയിൽ പണ്ട് ഉപയോഗിച്ചിരുന്ന നൂറുകണക്കിന് പോലീസിന്റെ ചാരക്കണ്ണുകളിൽ നിന്നാണ് സംരക്ഷണം നൽകിയത്. അനിയന്ത്രിതമായേക്കാവുന്ന തിരക്കുകൾ പ്രവചിക്കാനും സറ്റേഡിയത്തിലെ താപനില നിയന്ത്രിക്കാനും മറ്റുമാണ് ഇത്തരം സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയത്. ഇരുപത്തിരണ്ടായിരം ക്യാമറകളാണ് ഇതിനായി ഉപയോഗപ്പെടുത്തിയത്. പരസ്പരം ബന്ധിച്ച സ്റ്റേഡിയങ്ങൾ എന്ന ആശയമാണ് ഇവിടെ പ്രവർത്തിച്ചത്.

രണ്ടുമാസത്തെ ഖത്തർ വാസത്തിനു ശേഷം നാട്ടിലേക്ക് തിരിക്കുമ്പോൾ മനുഷ്യന്റെ കണ്ടുപിടുത്തങ്ങളും നവീകരണ പ്രവർത്തനങ്ങളും ലോകത്തിന് നൽകിയ വലിയ സംഭാവനകളുടെ ഒരു മാതൃകയായി ഈ ലോകകപ്പ് മാറും എന്നതിൽ സംശയമുണ്ടായിരുന്നില്ല.

''മാറ്റത്തിന്റെ കാറ്റുവീശുമ്പോൾ, ചിലർ മതിലുകൾ പണിയുന്നു മറ്റുള്ളവർ കാറ്റാടിമില്ലുകൾ നിർമ്മിക്കുന്നു.''എന്ന ചൈനീസ് പഴമൊഴിയാണ് അപ്പോൾ ഓർമ്മ വന്നത്. സമയത്തിനു മുമ്പേ സഞ്ചരിക്കുക എന്നതാണല്ലോ ആപ്തവാക്യം. ●



**ബോബൻ കൊള്ളന്നൂർ**

# Marketing Management

Tapan K Panda

## പുസ്തക പരിചയം




This book is an attempt to capture and illustrate the trends and shifts in the marketing environment in India, which are driven by the following factors:

Opening up of the Indian economy in the 90s. Entry of multinational companies across industries .Indian information technology space, leading the global change in the digital revolution

Simple, Systematic & Comprehensive Explanation: The subject matter is presented in a simple, systematic method along with a comprehensive explanation of the concept and theories underlying marketing. The book tries to explain the subject matter through realistic and practical examples.

Student-Oriented Book: This book has been developed keeping in mind the following factors: Interaction of the author/teacher with thousands of students from different students of business schools across the globe. Shaped by the author/teacher's experience of teaching the subject matter to varying levels for more than three decades.Reactions and responses of students have also been incorporated at different places in the book Vivid Examples of Marketing Practice in India] The author blends marketing concepts with Indian examples so that the students can find immediate relevance to the Indian marketing environment.Practical Application & On-field Projects] including internet-based project exercises and case studies to supplement conceptual inputs.Unique Conceptual & Application Questions on Indian Marketing

# യുപിഐ പേയ്മെന്റ്സ് – ആളു മാറി പണം അയച്ചാൽ ?

യുപിഐ ആപ്പ് വഴി വ്യക്തികൾക്ക് പണമയക്കുമ്പോൾ ആളു മാറി പണം അയച്ചാൽ പണം തിരികെ ലഭിക്കുമോ? അറിയാത്തൊരാൾക്ക് പണം അയച്ചു പോയാൽ തിരികെ ലഭിക്കാൻ എന്തു ചെയ്യണം. നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ നിർദ്ദേശ പ്രകാരം ഉപയോഗിച്ച പേയ്മെന്റ് സിസ്റ്റത്തിൽ പരാതി നൽകുകയാണ് വേണ്ടത്. അതായത് ഗൂഗിൾ പേ, ഫോൺപേ, പേടിഎം തുടങ്ങിയ യുപിഐ ആപ്പുകളിൽ ഏത് ആപ്പ് ഉപയോഗിച്ചാണോ പണം ആളുമാറി അയച്ചത് അവിടെ പരാതി നൽകണം.

ആപ്പുകളിലെ കസ്റ്റമർ സർവീസ് വഴി റീഫണ്ടിന് അപേക്ഷിക്കാം. യുപിഐ പ്രവർത്തനം നിയന്ത്രിക്കുന്ന നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ പോർട്ടലിൽ പരാതിപ്പെടുകയാണ് മറ്റൊരു വഴി. npci.org.in എന്ന വെബ്സൈറ്റ് വഴിയാണ് പരാതി നൽകേണ്ടത്. Dispute Redressal Mechanism എന്ന ഭാഗത്ത് Complaints സെക്ഷനിൽ ഓൺലൈൻ പരാതി ഫോം കാണാനാകും.

പരാതി നൽകുന്നൊരാൾ പരാതിയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ഇവയാണ് യുപിഐ ട്രാൻസാക്ഷൻ ഐഡി, വെർച്വൽ പേയ്മെന്റ് അഡ്രസ്, ഇടപാട് തുക, ഇടപാട് നടത്തിയ ദിവസം, ഇ-മെയിൽ ഐഡി, മൊബൈൽ നമ്പർ എന്നിവ പരാതിയിൽ ചേർക്കണം. ഇതോടൊപ്പം പണം ഡെബിറ്റ് ചെയ്തതായി കാണിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റ് കൂടി അപ്ലോഡ് ചെയ്യണം. പരാതിയുടെ കാരണമായി 'Incorrectly transferred to another account' എന്ന ഓപ്ഷൻ സൂചിപ്പിക്കണം.

പ്രശ്നം പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ പരാതികാരന് ബാങ്കിനെ സമീപിക്കാം. സ്വന്തം അക്കൗണ്ടുള്ള ബാങ്കിനെയല്ല സമീപിക്കേണ്ടത്. യുപിഐ ആപ്പിൽ പരാതിക്കാരന് സേവനം നൽകുന്ന പേയ്മെന്റ് സർവീസ് പ്രൊവൈഡർ (പിഎസ്പി) ബാങ്കിന് പരാതി നൽകാം. ഈ പരാതിയിലും പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ റിസർവ് ബാങ്ക് ഓംബുഡ്സ്മാനെ പരാതി അറിയിക്കാം. യുപിഐ, ഭാരത് ക്യുആർ കോഡ് കൂടാതെ മറ്റുള്ളവ വഴിയുള്ള പേയ്മെന്റ് ഇടപാടുകളുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിൽ യുപിഐ ആപ്പുകളോ പിഎസ്പി ബാങ്കോ പരാജയപ്പെട്ടാൽ പരാതി ഓംബുഡ്സ്മാനിൽ ഫയൽ ചെയ്യാം.








# ആർ.കെ.ലക്ഷ്മൺ

## സാധാരണക്കാരനെ വരച്ച സാധാരണക്കാരന്റെ കാർട്ടൂണിസ്റ്റ്

പോക്കറ്റ് കാർട്ടൂണുകളിൽ പ്രത്യക്ഷപ്പെട്ട സാധാരണക്കാരൻ (ദ കോമൺ മാൻ) എന്ന കഥാപാത്രം ജനാധിപത്യത്തിന്റെ നിർമ്മാണത്തിന് സാക്ഷിയായി ചിത്രീകരിക്കപ്പെടുന്നു. ഒരു സംഭാഷണവുമില്ലാതെ മൗനത്തിലൂടെ കാർട്ടൂണിനെ ജനഹൃദയത്തിൽ എത്തിച്ച് അത്ഭുതങ്ങൾ സൃഷ്ടിച്ചു 'ദ കോമൺ മാൻ'.

**2015** ജനുവരി 26 റിപ്പബ്ലിക് ദിനത്തിന്റെ സന്തോഷം കലാകാരന്മാരിൽ വന്നില്ല. കാരണം അന്ന് പ്രശസ്ത ചിത്രകാരനും കാർട്ടൂണിസ്റ്റുമായി എല്ലാവരുടെയും മനസ്സിൽ ഇടം പിടിച്ച ആർ.കെ. ലക്ഷ്മൺ നമ്മെ വിട്ടു പോയ ദിവസമായിരുന്നു. അദ്ദേഹം പോയ വിഷമം കലാകാരന്മാരുടെ മനസ്സിൻ നിറഞ്ഞുനിന്നു. ഇന്ത്യൻ കാർട്ടൂണിസ്റ്റും ഹാസ്യകാരനും ചിത്രകാരനുമാണ് രാശിപുരം കൃഷ്ണസ്വാമി അയ്യർ ലക്ഷ്മൺ എന്ന ആർ.കെ. ലക്ഷ്മൺ. 1921 ഒക്ടോബർ 24 നാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹം വരച്ച ചിത്രം കാണുമ്പോൾ ആർ.കെ.ലക്ഷ്മൺ എന്ന അദ്ദേഹത്തിന്റെ ഒപ്പു തന്നെ നമ്മുടെ മനസ്സിൽ ആദ്യം പതിക്കും.

മൈസൂരിൽ ഒരു തമിഴ് ഹിന്ദു ബ്രാഹ്മണ കുടുംബത്തിലാണ് ആർ.കെ.ലക്ഷ്മണൻ ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് രാശിപുരം കൃഷ്ണസ്വാമി അയ്യർ ഒരു പ്രധാനാധ്യാപകനായിരുന്നു. ആറ് ആൺമക്കളും രണ്ട് പെൺമക്കളുടെയും കൂട്ടത്തിലെ ഇളയവനായിരുന്നു ആണ് ആർ.കെ.ലക്ഷ്മൺ. പ്രശസ്ത നോവലിസ്റ്റ് ആർ.കെ.നാരായണൻ അദ്ദേഹത്തിന്റെ ജേഷ്ഠൻ ആയിരുന്നു. മൂന്നാം വയസ്സിൽ ലക്ഷ്മണൻ ചിത്രരചന തുടങ്ങി.വീടിന്റെ തറകളിലും ഭിത്തിയിലും വാതിലിലും എല്ലാം ലക്ഷ്മണൻ ചിത്രങ്ങൾ വരച്ചിടാൻ തുടങ്ങി. ദ്രാൻഡ്, പഞ്ച്, ബൈസ്റ്റാൻഡർ, വൈഡ് വേൾഡ്, ടിറ്റ് - ബിറ്റ്സ് തുടങ്ങിയ മാസികകളിലെ ചിത്രീകരണങ്ങളിൽ സൂക്ഷിച്ച് നോക്കിയും വരച്ചും മനസ്സിലാക്കി കൊണ്ടിരുന്നു. സ്വന്തമായി ചിത്രങ്ങൾ ബുക്കിലും പേപ്പറിലും ധാരാളം വരച്ചു കൂട്ടി. അദ്ധ്യാപകരുടെ കാരിക്കേച്ചറുകൾ ചെയ്യാൻ തുടങ്ങി. ഒരു പീപ്പിൾ ഇല ഭംഗിയായി വരച്ചതിന് ഒരു അദ്ധ്യാപകൻ ആശംസിച്ചു. ഗുരുവിന്റെ പ്രശംസ കിട്ടിയപ്പോൾ നല്ലൊരു ചിത്രകാരനാകണമെന്ന് ആർ.കെ.ലക്ഷ്മൺ കൊതിച്ചു. സർ ഡേവിഡ് ലോയുടെ സൃഷ്ടിയായിരുന്നു ലക്ഷ്മണിലെ ആദ്യകാല സ്വാധീനം. മൈസൂർ







മഹാരാജാസ് കോളേജിൽ പഠിക്കുമ്പോൾ തന്നെ അദ്ദേഹത്തിന്റെ ജേഷ്ഠൻ ആർ.കെ.നാരായണന്റെ ഹിന്ദുവിൽ വരുന്ന കഥകൾക്ക് ചിത്രം വരയ്ക്കുവാൻ തുടങ്ങി. കഥകളുടെ ചിത്രങ്ങൾ അതിമനോഹരമായി ലക്ഷ്മൺ വരയ്ക്കുമായിരുന്നു. ചിത്രരചന തുടങ്ങിയപ്പോൾ കണ്ണിൽ കാണുന്നതെല്ലാം വരച്ചു തുടങ്ങി. പൂച്ച, കാക്ക, എലി, അടുക്കള പാത്രങ്ങൾ എന്നിങ്ങനെ കണ്ണിൽ കണ്ടതെല്ലാം വരയ്ക്കുമായിരുന്നു.

അദ്ദേഹം ഒരു കാർട്ടൂണിസ്റ്റ് ആകുന്നതിനു മുൻപു തന്നെ നല്ലൊരു ചിത്രകാരൻ ആയിരുന്നു. അദ്ദേഹം വരച്ച കാക്കയെ കാണുമ്പോൾ മനസ്സിലാകും അദ്ദേഹത്തിന്റെ ചിത്രരചനയോടുള്ള താൽപ്പര്യം. കാക്കയുടെ കള്ളനോട്ടവും ചരിഞ്ഞുള്ള ഇരിപ്പും എല്ലാം ലക്ഷ്മണിന്റെ കാക്ക ചിത്രങ്ങളിലൂടെ നമുക്ക് കാണാൻ കഴിയും. ആർ.കെ.ലക്ഷ്മണിനെ കാർട്ടൂണിസ്റ്റ് എന്നു മാത്രം പറയാൻ സാധിക്കുകയില്ല. നല്ലൊരു ചിത്രകാരനും നല്ലൊരു കാർട്ടൂണിസ്റ്റും നല്ലൊരു എഴുത്തുകാരനും എന്നു പറയണം. സ്കൂൾ പഠനത്തിനു ശേഷം മുംബെയിലെ പ്രശസ്തമായ ജെ.ജെ. സ്കൂൾ ഓഫ് ആർട്ട്സിൽ ചിത്രരചന പഠിക്കാൻ എത്തിയെങ്കിലും അവിടെ ലക്ഷ്മണിന് പഠിക്കാൻ അവസരം കൊടുത്തില്ല. ലക്ഷ്മണിന്റെ ചിത്രരചനയും കാർട്ടൂൺ രചനയും വളരെ നന്നായി മുന്നോട്ടു പോയി. ചിത്രരചനയിലും കാർട്ടൂണിലും അദ്ദേഹം വളരെ മുന്നിലെത്തി. മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നാണ് ലക്ഷ്മൺ ബിരുദം നേടിയത്. വർഷങ്ങൾക്കു ശേഷം ജെ.ജെ. സ്കൂൾ ഓഫ് ആർട്ട്സിന്റെ ബിരുദദാനത്തിൽ മുഖ്യാഥിതിയായ് എത്തിയത് ആർ.കെ.ലക്ഷ്മണൻ ആയിരുന്നു. പഠിക്കാൻ അവസരം കൊടുക്കാതിരുന്ന സ്കൂൾ ഓഫ് ആർട്ട്സിൽ അങ്ങനെ ഒരു അവസരം കിട്ടിയതിൽ അദ്ദേഹം വളരെ സന്തോഷിച്ചു. ഇതിനിടയിൽ അദ്ദേഹം തന്റെ സ്വതന്ത്ര കലാപ്രവർത്തനങ്ങൾ തുടരുകയും രാജ്യത്തിന് കാർട്ടൂണുകൾ സംഭാവന ചെയ്യുകയും പുരാണ കഥാപാത്രമായ നാരദനെ അടിസ്ഥാനമാക്കി ഒരു ആനിമേഷൻ ചിത്രം നൽകുകയും ചെയ്തു.

രോഹൻ പത്രങ്ങൾക്കും സ്വരാജ്യ, ബ്ലിറ്റ്സ് എന്നിവയുൾപ്പടെയുള്ള മാസികകൾക്കും വേണ്ടിയായിരുന്നു ആർ.കെ.ലക്ഷ്മണിന്റെ ആദ്യകാല ജോലി. രാഷ്ട്രീയ കാർട്ടൂണുകളും വരയ്ക്കാൻ തുടങ്ങി. 1942-ൽ ഡോ: കെ.ശിവറാം സ്ഥാപിച്ച കൊരവഞ്ചി എന്ന കന്നഡ ഹ്യൂമർ മാസികയ്ക്കു വേണ്ടിയും ലക്ഷ്മൺ കാർട്ടൂണുകൾ വരച്ചു. ലക്ഷ്മൺ ചെന്നൈയിലെ ജെമിനി സ്റ്റുഡിയോയിലും വർക്കു ചെയ്തിട്ടുണ്ട്. ഒരു ചിത്രകാരൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ കല ജെമിനി സ്റ്റുഡിയോയ്ക്കാണ് ലഭിച്ചത്. 1951-ൽ ലക്ഷ്മൺ മുംബയിലെ ടൈംസ് ഓഫ് ഇൻഡ്യയിൽ ചേർന്നു. അമ്പത് വർഷത്തിലേറെ നീണ്ട കരിയർ ആരംഭിച്ചു. അദ്ദേഹത്തിന്റെ പോക്കറ്റ് കാർട്ടൂണുകളിൽ പ്രത്യക്ഷപ്പെട്ട സാധാരണക്കാരൻ (ദ കോമൺ മാൻ) എന്ന കഥാപാത്രം ജനാധിപത്യത്തിന്റെ നിർമ്മാണത്തിന് സാക്ഷിയായി ചിത്രീകരിക്കപ്പെടുന്നു. കാർട്ടൂണുകളിൽ ഒരു സംഭാഷണവുമില്ലാതെ മൗനത്തിലൂടെ കാർട്ടൂണിനെ ജനഹൃദയത്തിൽ ദ കോമൺ മാൻ എത്തിക്കുന്നു.










October 1977: Larger than life






ദ കോമൺ മാൻ എന്ന കഥാപാത്രം ആർ.കെ. ലക്ഷ്മണന്റെ തോളിൽ കൈ ഇട്ടു കൊണ്ടു നിൽക്കുന്ന കാർട്ടൂണും ലക്ഷ്മൺ വരച്ചിട്ടുണ്ട്. 1954-ൽ ഏഷ്യൻ പെയിന്റ്സ് ലിമിറ്റഡ് ഗ്രൂപ്പിനായി 'ഗാട്ടു' എന്ന പേരിൽ  ജനപ്രിയ ചിഹ്നവും ലക്ഷ്മൺ സൃഷ്ടിച്ചു. നിക്കറും ഷർട്ടുമിട്ടു കൊണ്ട് ഒരു ടിന്നിൽ പെയിന്റും പെയിന്റിൽ മുക്കിയ ബ്രഷുമായി പയ്യനെ ഓർമ്മയില്ലാത്തവർ ആരും കാണുകയില്ല. ആ ബ്രഷുമായി നിൽക്കുന്ന പയ്യനാണ് ലക്ഷ്മണന്റെ 'ഗാട്ടു'. ഗാട്ടു പല സ്ഥലങ്ങളിൽ പെയിന്റടിക്കാൻ പോകുന്നതും, പെയിന്റുമായി പോയി പെയിന്റടിക്കേണ്ട ഭിത്തിയിലേക്ക് നോക്കി നിൽക്കുന്നതും, ഒട്ടകത്തിന്റെ പുറത്ത് പെയിന്റടിക്കാനുള്ള എല്ലാ സാധങ്ങളും കൊണ്ടുപോയി ഒരു കൂറ്റൻ കെട്ടിടം മുഴുവൻ ഗാട്ടു പെയിന്റടിക്കുന്ന അതിമനോഹര ചിത്രവും ലക്ഷ്മണൻ വരച്ചിട്ടുണ്ട്. കാർട്ടൂൺ പോലെ തന്നെ ലക്ഷ്മണന്റെ ചിത്രങ്ങളും നമ്മൾ കണ്ട് മനസ്സിലാക്കേണ്ടതുണ്ട്. അദ്ദേഹം ജേഷ്ഠന്റെ കഥകൾക്കും മറ്റ് ഒരു പാട് കഥകൾക്കും ഒത്തിരി ഒത്തിരി ചിത്രങ്ങൾ വരച്ചിട്ടുണ്ട്. ലക്ഷ്മൺ കുറേ നോവലുകളും എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കാർട്ടൂണുകൾ ഹിന്ദി സിനിമയായ മിസ്റ്റർ & മിസിസ് 55, തമിഴ് സിനിമയായ കാമരാജ് എന്നിവയിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ നാരായണൻ എഴുതിയ മാൽഗുഡി ഡേയ്സിന്റെ ടെലിവിഷൻ അഡാപ്റ്റേഷനായി വരച്ച സ്കെച്ചുകളും, കൊങ്കൺ തീരത്തെ അടിസ്ഥാനമാക്കിയുള്ള ഹിന്ദി സിറ്റ്കോമായ വാഗെ കിദുനിയയും അദ്ദേഹത്തിന്റെ സൃഷ്ടികളിൽ ഉൾപ്പെടുന്നു ഒരു പാട് വിശിഷ്ടരുടെ കാരിക്കേച്ചറും അദ്ദേഹം വരച്ചിട്ടുണ്ട്. അദ്ദേഹം വരച്ചിട്ടുള്ള ചിത്രങ്ങളെക്കുറിച്ചും കാർട്ടൂണിനെക്കുറിച്ചും എഴുതിയാൽ രണ്ടും മൂന്നും ലക്കങ്ങൾ കൊണ്ടൊന്നും തീരുകയില്ല. മഹാത്മാഗാന്ധിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും ധാരാളം കാർട്ടൂണുകൾ  അദ്ദേഹം വരച്ചിട്ടുണ്ട്. ആ കാർട്ടൂണുകൾ എല്ലാം കണ്ടു തന്നെ മനസ്സിലാക്കേണ്ടതാണ്.

അവാർഡുകളും അംഗീകാരവും ധാരാളം ലഭിച്ചിട്ടുണ്ട്. പത്മഭൂഷൺ, പത്മവിഭൂഷൺ, ജേർണ്ണലിസം, സാഹിത്യം ക്രിയേറ്റീവ് കമ്മ്യൂണിക്കേഷൻ കലകൾ എന്നിവയ്ക്കുള്ള രമൺ മാഗ്സെ അവാർഡ്, കർണ്ണാടക രാജ്യോത്സവ അവാർഡ്,ജേർണ്ണലിസത്തിനുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മൈസൂർ സർവ്വകലാശാലയിൽ നിന്നുള്ള ഓണററി ഡോക്ടറേറ്റ് ഇങ്ങനെ ഒരു പാട് ലഭിച്ചിട്ടുണ്ട്.

ഭരതനാട്യം നർത്തകിയും ചലച്ചിത്ര നടിയുമായ കുമാരി കമലയെയാണ് ലക്ഷ്മൺ ആദ്യമായി വിവാഹം കഴിച്ചത് അവർക്ക് കുട്ടികൾ ഇല്ലായിരുന്നു. 1960 -ൽ വിവാഹമോചനത്തിനു ശേഷം അദ്ദേഹത്തിന്റെ മരുമകളെ വിവാഹം കഴിച്ചു. അവരുടെ പേരും കമല എന്നായിരുന്നു. അവർ എഴുത്തുകാരിയായിരുന്നു. കുട്ടികൾക്കു വേണ്ടിയുള്ള പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. രണ്ടാമത്തെ ഭാര്യയിൽ ഒരു മകൻ ഉണ്ട്. ശ്രീനിവാസ്. ലക്ഷ്മൺ കുറച്ചു കാലം ടൈംസ് ഓഫ് ഇൻഡ്യയിലും ജോലി ചെയ്തു. 2015-ൽ തൊണ്ണൂറ്റി മൂന്നാം വയസ്സിൽ ലക്ഷ്മൺ അന്തരിച്ചു. ആർ.കെ.ലക്ഷ്മണന്റെ ചിത്രങ്ങളും കാർട്ടൂണുകളും കണ്ടിട്ടുള്ള ആർക്കും അത് മറക്കുവാൻ സാധിക്കുകയില്ല. ●




March 1975: Indira's rules



**എൽ.രാജശേഖരൻ മുതുകുളം**





# ഡയൽ 100

വി ആർ എസ് കമ്പയിൻസിന്റെ ബാനറിൽ വിനോദ് രാജ് നിർമിച്ച് രതീഷ് നെടുമങ്ങാട് സംവിധാനം ചെയ്യുന്ന ക്രൈം സ്റ്റോറി ത്രില്ലർ സിനിമയായ 'ഡയൽ 100' ന്റെ ചിത്രീകരണം പൂർത്തിയായി. ഏറെ സസ്പെൻസ് നിറഞ്ഞ ഈ ചിത്രത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് രഞ്ജിത്ത് ജി.വി. ആണ്. വിനോദ് രാജ്,ദിനേശ് പണിക്കർ. ജയകുമാർ, സന്തോഷ് കീഴാറ്റൂർ, പ്രസാദ് കണ്ണൻ, രതീഷ് വെഞ്ഞാറമൂട്, അജിത്ത്, ഗോപൻ, പ്രേംകുമാർ, സുകുമാർ, അരുൺ, ബിഗ് ബോസ് സൂര്യ, സിന്ധു വർമ, മീര നായർ, ശേഷിക, അർച്ചന, നന്ദന എന്നിവരാണ് പ്രധാന താരങ്ങൾ.

ഛായാഗ്രഹണം: ഇന്ദ്രജിത്ത്. എസ്. എഡിറ്റിംഗ് : രാകേഷ് അശോക്. പ്രൊഡക്ഷൻ കൺട്രോളർ : രാജീവ് കുടപ്പനക്കുന്ന്. കലാസംവിധാനം: ബൈജു കൃഷ്ണ. ചീഫ് അസോസിയേറ്റ് ഡയറക്ടർമാർ : അനുഷ് മോഹൻ, അനുരാജ്.

റീ - റിക്കോർഡിംഗ് : ഹരീഷ്മണി. സ്റ്റിൽസ് : ഷാലു പേയാട്. പി ആർ ഒ : റഹിം പനവൂർ. മേക്കപ്പ് : രാജേഷ് രവി. കോസ്റ്റ്യൂംസ് : റാണാ പ്രതാപ്. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്: രാജേഷ് തിട്ടനാട്. സ്റ്റുഡിയോ: ന്യൂ ടിവി, തിരുവനന്തപുരം. കളറിസ്റ്റ് : വിഷ്ണു പുളിയറ.

റഹിം പനവൂർ, പിആർഒ. : 9946584007

# ഡീട്ടെസ്റ്റ് : സെക്ഷൻ 118 (ഇ)



അശ്രദ്ധകൊണ്ട് വണ്ടിയിടിച്ച് ഒരാൾ മരിച്ചാൽ അത് കൊലപാതകമല്ലേ? കാലിക പ്രസക്തമായ ഈ ചോദ്യം ഒരു കൂട്ടം ചെറുപ്പക്കാർ ഡീട്ടെസ്റ്റ് 118(ഇ) എന്ന സിനിമയിലൂടെ ചൂണ്ടിക്കാണിക്കുന്നു. നെടുമങ്ങാട് സ്വദേശി ഇരുപത്തിമൂന്ന് വയസ്സുകാരൻ അസീം. എസ് എഴുതി നിതിൻ നാരായണൻ ആണ് ഈ ചിത്രം സംവിധാനം ചെയ്യുന്നത് . സ്വയം വരുത്തി വയ്ക്കുന്ന റോഡ് അപകടത്തിലൂടെ ഉണ്ടാകുന്ന മരണങ്ങൾകൊലപാതകമായികണക്കാക്കണം എന്ന് ചിത്രം മുന്നറിയിപ്പ് നൽകുന്നു.

ന്യൂഡൽഹി സ്വദേശി ജോസി ജോൺ ആണ് ചിത്രം നിർമ്മിക്കുന്നത്. ജെ.ബി.ആർ.ജെ പ്രൊഡക്ഷൻസിന്റെ ബാനറിൽ ജോസി ജോണിന്റെ ആദ്യ നിർമ്മാണ സംരംഭമാണിത്. സിനിമയിലെ നാല് ഗാനങ്ങളിൽ മൂന്ന് ഗാനങ്ങൾ ആലപിച്ചതും ജോസി ജോൺ തന്നെയാണ്. മറ്റൊരു ഗാനം ആലപിച്ചത് അരവിന്ദ് ദിലീപ് ആണ്. രഞ്ജിത്ത്, ദിവ്യ, റിയാസ് പള്ളിത്തെരുവ്, അനിൽ നെട്ടയം, ജോസ് ജോണി, രവി വാഴയിൽ, ദിലീപ് ഷാ, കൊച്ചുമോൻ, ബേബി ജോൺ, അനിൽ മുണ്ടക്കയം ജിജി, ജർഷാദ്, മാസ്റ്റർ അഭിറാം നിതിൻ തുടങ്ങിയവരാണ് പ്രധാന താരങ്ങൾ.

ചിത്രത്തിന്റെ ഡയറക്ടർ ഓഫ് ഫോട്ടോഗ്രാഫി മിഥുൻ മുരളി ആണ്. സൗണ്ട് ഡിസൈന് ഏറെ പ്രാധാന്യമുള്ള ചിത്രത്തിന്റെ ഓഡിയോഗ്രാഫി കൈകാര്യം ചെയ്യുന്നത് വിപിൻ എം. ശ്രീ ആണ്. ജോസ് ജോണി, സത്യൻ മണ്ഡോപിള്ളി എന്നിവർ എഴുതിയ ഗാനങ്ങൾക്ക് സംഗീതം പകർന്നിരിക്കുന്നത് സുദർശൻ കുമ്പളം ആണ്. കട്ട്സ്, ബിജിഎം: മിഥുൻ മുരളി. ആർട്ട് ഡയറക്ടർ : റിയാസ് പള്ളിത്തെരുവ്. ത്രിൽസ് : സെൻസെയ് അനിൽ നെട്ടയം. അസോസിയേറ്റ് ഡയറക്ടർമാർ : മാസ്റ്റർ അഭിറാം നിതിൻ, മനീഷ് മനു. അസിസ്റ്റന്റ് ഡയറക്ടർ : ജർഷാദ്. പി ആർ ഒ : റഹിം പനവൂർ കോസ്റ്റ്യൂംസ്: രഞ്ജിത്ത് പേയാട്. പോസ്റ്റർ ഡിസൈൻ : ജിഷ്ണു ബി. ശേഖർ. സ്റ്റുഡിയോ : എം. എസ്. മ്യൂസിക് ഫാക്ടറി.




# Editorials of the month

ദീപിക ഡിസംബർ 01, 2022

## പടിയിറങ്ങുന്ന മാധ്യമ സ്വാതന്ത്ര്യം

ലോകത്തെവിടെയായാലും മാധ്യമ നിയന്ത്രണങ്ങളുടെയും ഭരണകൂട മേൽനോട്ടങ്ങളുടെയും വ്യാപ്തി ആ രാജ്യത്തെ മാധ്യമ സ്വാതന്ത്ര്യത്തിന്റെ അളവുകോലായി തന്നെയാണ് കണക്കാക്കപ്പെടുന്നത്. ഇന്ത്യയിലെ മാധ്യമനിയന്ത്രണ പട്ടികയിലെ ഏറ്റവും പുതിയ ആശങ്കയാണ് പ്രദേശിക വാർത്താ ചാനലുകൾക്കും കേന്ദ്രസർക്കാർ നിയന്ത്രണം കടുപ്പിക്കുന്നു എന്നത്. ശരിതെറ്റുകളെക്കുറിച്ച് പറയാറായിട്ടില്ലെങ്കിലും വിഷയം ചർച്ചചെയ്യപ്പെടേണ്ടതാണ്. പ്രത്യേകിച്ച് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും മാധ്യമസ്വാതന്ത്ര്യം അപകടത്തിലാകുകയും സ്വതന്ത്ര മാധ്യമങ്ങളെ വിഴുങ്ങാനുള്ള ഭരണകൂടാനുകൂല കുത്തകകളുടെ അടക്കാനാവാത്ത ആഗ്രഹങ്ങളും മടുപ്പില്ലാത്ത പ്രയത്നങ്ങളുമൊക്കെ സജീവമാകുകയും ചെയ്യുമ്പോൾ. പ്രാദേശിക വാർത്തകൾ സംപ്രേക്ഷണം ചെയ്യണമെങ്കിൽ കേബിൾ ടിവി ചാനലുകൾ പ്ലാറ്റ്ഫോം സർവീസുകൾ എന്ന നിലയിൽ രജിസ്റ്റർ ചെയ്യണമെന്നാണ് കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തിന്റെ നിർദേശം. ഇത്തരം ചാനലുകളുടെ 90 ദിവസത്തെ ഉള്ളടക്കം എല്ലായ്പോഴും അവർ നിലനിർത്തുകയും വേണം.

ഡിജിറ്റൽ ഡാറ്റാ പ്രൊട്ടക്ഷൻ ബിൽ എന്ന പേരിൽ കേന്ദ്ര സർക്കാർ വിവരാവകാശ നിയമത്തിൽ കൊണ്ടുവരാൻ ലക്ഷ്യമിടുന്ന ഭേദഗതിയാണ്. പാർലമെന്റിനോ നിയമസഭയ്ക്കോ നിഷേധിക്കാൻ പറ്റാത്ത ഒരു വിവരവും പൗരനും നിഷേധിക്കരുതെന്നാണ് വിവരാവകാശ നിയമം എട്ടാം ഉപവകുപ്പ് പറയുന്നത്. എന്നാൽ പൊതുതാൽപര്യം എന്തുതന്നെയായാലും പൊതു അധികാരസ്ഥാനത്തുള്ളവരുടെ വ്യക്തിഗത വിവരങ്ങൾ നൽകേണ്ടതില്ലെന്നാണ് ഭേദഗതി വരുന്നത്.

റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡർ പുറത്തിറക്കിയ ആഗോള മാധ്യമസ്വാതന്ത്ര്യ സൂചികയിൽ 180രാജ്യങ്ങളിൽ 150-ാമതാണ് ഇന്ത്യയുടെ സ്ഥാനം. ഇപ്പോഴത്തെ നിലയിൽ അടുത്തെങ്ങും ഈ പട്ടികയിൽ മികവ് തെളിയിക്കാൻ നമ്മുടെ രാജ്യത്തിനാകുമോയെന്ന കാര്യത്തിൽ ഒരുറപ്പുമില്ല. ജനാധിപത്യവും അഭിപ്രായസ്വാതന്ത്ര്യവും നിലനിർത്തുകയും അതു പ്രതിഫിലിപ്പിക്കുകയും ചെയ്യാൻ മാധ്യമങ്ങൾ ഉണ്ടാകണം.

---

മലയാള മനോരമ ഡിസംബർ 03, 2022

## ആതുരസേവനം മാനിക്കപ്പെടണം

മറക്കരുതാത്ത ജീവപാഠം തന്നെയാണത്. ആയുസ്സു പണയംവെച്ച് കുറെപ്പേർ ആരോഗ്യ സേവനം ചെയ്യുന്നതുകൊണ്ടുകൂടിയാണ് നമ്മൾ ആയുരാരോഗ്യ സൗഖ്യത്തോടെ ജീവിക്കുന്നത്. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ കേരളത്തിന്റെയാകെ ഉത്തരവാദിത്തമാണെന്നതുകൂടി ആ പാഠത്തോടു ചേർത്തുവായിക്കേണ്ടതാണെങ്കിലും നിർഭാഗ്യവശാൽ അതല്ല പലപ്പോഴും നടക്കുന്നത്. യുദ്ധങ്ങളിൽപോലും ആശുപത്രികളും ആരോഗ്യപ്രവർത്തകരും ആക്രമിക്കപ്പെടാറില്ല. ഇതൊരു രാജ്യാന്തരചട്ടമാണ്. എന്നാൽ കേരളത്തിൽ ആരോഗ്യപ്രവർത്തകരും ആശുപത്രികളും നിർദയം ആക്രമിക്കപ്പെടുന്നു. ആതുരസേവനം അപമാനിക്കപ്പെടുന്നു.

പരിമിത സൗകര്യങ്ങളിൽ, സാമൂഹികപ്രതിബദ്ധതകൊണ്ടുമാത്രം സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്നവരാണു മിക്ക ഡോക്ടർമാരും. ഒരു സാഹചര്യത്തിലും അവരുടെ ആത്മവിശ്വാസം തകർന്നുകൂടാ. പരസ്പരവിശ്വാസത്തിലധിഷ്ഠിതമായ ഡോക്ടർ-രോഗി ബന്ധത്തിന് ഉലച്ചിൽ തട്ടാതിരിക്കാനും ശ്രദ്ധയുണ്ടാവണം. ഇത്തരം അതിക്രമങ്ങൾ, സാധാരണക്കാർക്ക് അഭയമായ സർക്കാർ ആശുപത്രികളിൽനിന്നു രോഗികളെ മാത്രമല്ല ഡോക്ടർമാരെയും അകറ്റാൻ കാരണമായേക്കാം.

ചികിത്സയിലൂടെയും സ്നേഹസ്പർശത്തിലൂടെയും രോഗികൾക്ക് ആശ്വാസം നൽകുന്ന നൂറുകണക്കിനു ഡോക്ടർമാരും മറ്റ് ആരോഗ്യപ്രവർത്തകരും നമ്മുടെ നാട്ടിലെ സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലുമുണ്ട്. ഇതിനകം പല ഉത്തരവുകൾ ഉണ്ടായിട്ടും ഔദ്യോഗിക സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കുകയോ ജനം ആരോഗ്യപ്രവർത്തകർക്ക് അർഹിക്കുന്ന ആദരം നൽകുകയോ ചെയ്യുന്നില്ലെന്നു ഹൈക്കോടതി പറഞ്ഞതു ഗൗരവത്തോടെ വേണം നാം കേൾക്കാൻ. ആതുരശുശ്രൂഷ തോൽക്കാതിരിക്കാൻ വേണ്ട അവശ്യജാഗ്രതയാണിത്.

---

കേരളകൗമുദി ഡിസംബർ 03, 2022

## കാലത്തിനൊപ്പം മാറിയേ തീരൂ

പ്രമാണം രജിസ്ട്രേഷനും അതുമായി ബന്ധപ്പെട്ട നൂലാമാലകളും വലിയ തലവേദന തന്നെയാണ്. മാറിയ കാലത്തിന് അനുസൃതമായി രജിസ്ട്രേഷൻ നടപടികൾ മാറാത്തതാണ് പ്രശ്നമാകുന്നത്. മുദ്രപ്പത്രവും പഴയമട്ടിലുള്ള എഴുത്തുരീതിയും രജിസ്ട്രേഷൻ ഓഫീസിനു മുമ്പിലുള്ള മനംമടുപ്പിക്കുന്ന കാത്തിരിപ്പുമൊക്കെ അവസാനിപ്പിക്കേണ്ട കാലം കഴിഞ്ഞു. എല്ലാ കാര്യങ്ങളും ഓൺലൈനിലേക്കു മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഭൂമി കൈമാറ്റം ഉൾപ്പെടെയുള്ള സേവനങ്ങളും ലളിതവും എളുപ്പവുമാക്കാൻ ഒരു വിഷമവുമില്ല. എന്നാൽ പുതിയ സാങ്കേതികവിദ്യ വരുമ്പോൾ ഈ മേഖലയുമായി ബന്ധപ്പെട്ടവർക്ക് തൊഴിൽ മുടങ്ങുമെന്നതിനാൽ മാറ്റത്തിന് അവർ എതിരാണ്.

ഭൂമി രജിസ്ട്രേഷന് ലളിതമായ ഫോറം ഏർപ്പെടുത്തണമെന്നാണ് കേന്ദ്ര നിർദേശം. ഭൂമി വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നവർക്ക് ഏറെ ഉപകാരപ്പെടുന്ന

ഒന്നാണിത്. ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട് ഓരോന്നിനും പ്രത്യേക ഫോറം ഉണ്ടായിരിക്കും. നിശ്ചിത കാര്യത്തിന് ഫോറം തിരഞ്ഞെടുത്ത് പൂരിപ്പിച്ച് ആവശ്യമായ ഫീസുകൾ അടച്ചാൽ രജിസ്ട്രേഷൻ നടത്താനാകും. ഇതിനായി അക്ഷയസെന്ററുകൾ മുഖേനയോ തനിയെ ചെയ്യണമെന്ന് ഉള്ളവർക്ക് അങ്ങനെയുമാകാം. നെറ്റ് വഴി രജിസ്ട്രേഷൻ ഫീസും ഡ്യൂട്ടിയുമൊക്കെ അടച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാം. നൂറു ശതമാനവും ജനസൗഹൃദപരമാണ് ഈ സമ്പ്രദായം.

എല്ലാ മേഖലകളിലും പുതിയ സാങ്കേതികവിദ്യകൾ വന്നുകൊണ്ടിരിക്കുകയാണ്. അതു കണ്ടില്ലെന്നു നടിക്കാൻ ആർക്കുമാകില്ല. പൂർണ്ണമായും ഒഴിഞ്ഞുനിൽക്കാനും പറ്റില്ല. മാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കാൻ പഠിച്ചില്ലെങ്കിൽ പിന്തള്ളപ്പെടുകയേ ഉള്ളൂ. രജിസ്ട്രേഷൻ രംഗം നവീകരിക്കുന്നതിനൊപ്പം ശുദ്ധീകരിക്കാൻ കൂടി ഫോറം സമ്പ്രദായം ഉപകരിക്കും.

---

ജന്മഭൂമി ഡിസംബർ 05, 2022

## ഇ-രൂപയെ വരവേൽക്കാം

ഉയരങ്ങൾ കീഴടക്കികൊണ്ടിരിക്കുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണർവേകുന്ന അതിനൂതമനായ തീരുമാനങ്ങളാണ് കേന്ദ്രസർക്കാർ നടപ്പാക്കുന്നത്. നോട്ടുനിരോധനം മുതൽ ഇങ്ങോട്ട് രാജ്യത്തെ സമ്പദ്‌വ്യവസ്ഥയെ ശുദ്ധീകരിക്കാൻ നിരവധി തീരുമാനങ്ങൾ പ്രാവർത്തികമാക്കുകയുണ്ടായി. അതിൽ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഇ-രൂപയുടെ വിനിമയത്തിന് തുടക്കം കുറിച്ചിരിക്കുന്നത്.

റിസർവ് ബാങ്ക് സാമ്പത്തിക വിനിമയത്തിന് ഇ-രൂപ ആരംഭിച്ചതോടെ ഇത്തരം സംരംഭം സ്വീകരിച്ച ലോകത്തെ ചുരുക്കം സെൻട്രൽ ബാങ്കുകളിൽ ഒന്നായി ആർബിഐ മാറിയിരിക്കുകയാണ്. പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ ഗവൺമെന്റ് സെക്യൂരിറ്റികളുടെ സെറ്റിൽമെന്റിനായാണ് ഇത് ഉപയോഗിക്കുക. ഇതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ വലിയ തുകയുടെ ഇടപാടുകൾക്കും രാജ്യാന്തര ഇടപാടുകൾക്കുള്ള പദ്ധതികളും ഏറ്റെടുക്കും.

ഡിജിറ്റൽ രൂപ ഇപ്പോൾ ജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സാധാരണ രൂപയിൽ നിന്ന് വ്യത്യസ്തമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സാധാരണ രൂപ സർക്കാർ അച്ചടിക്കുകയും ഉപയോക്താക്കൾ കൈവശം സൂക്ഷിക്കുകയും വേണം. ഇ-രൂപ പ്രചാരത്തിൽ കൊണ്ടുവരുന്നതിന്റെ നേട്ടം പലതാണ്. ഇതിലൊന്ന് സഹസ്രകോടികൾ ചെലവഴിച്ച് കറൻസി അച്ചടിക്കേണ്ടതില്ല എന്നതാണ്. വർഷംതോറും 5000 കോടി രൂപയാണ് ഇന്ത്യ ഇതിനായി ചെലവഴിക്കുന്നത്. ഇ-രൂപ പ്രാബല്യത്തിൽ വരുന്നതോടെ ഇത്രയും തുക നമുക്ക് ലാഭിക്കാനാവും എന്നത് ചെറിയ കാര്യമല്ല. ഇപ്പോൾ നടത്തുന്ന യുപിഐ ഇടപാടുകൾക്ക് പണം ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതുണ്ട്. അതേസമയം ഇ-രൂപ അച്ചടിക്കേണ്ടതില്ല. കേടാകാനുള്ള സാധ്യതയുമില്ല. സാധാരണ രൂപ പേഴ്സിൽ സൂക്ഷിച്ചുവയ്ക്കുന്നതുപോലെ ഇ-വാലറ്റിൽ സൂക്ഷിക്കാമെന്ന സൗകര്യവുമുണ്ട്. മൊത്തവ്യാപാരത്തിനും ചില്ലറ മേഖലയിലും വ്യത്യസ്ത കറൻസികൾ ആയിരിക്കും. സാധാരണ രൂപയുടെ ഡിജിറ്റൽ രൂപമായിരിക്കും ഇ-രൂപ. അപകടസാധ്യത കുറവായിരിക്കും സാധാരണ രൂപയുമായി കൈമാറ്റം ചെയ്യാം. വ്യാജ കറൻസി ഇല്ലാതാകും. ആഗോള ഡിജിറ്റൽ പേയ്മെന്റ് സംവിധാനം രൂപീകരിക്കാൻ വഴിയൊരുക്കും. ചുരുക്കത്തിൽ പതിറ്റാണ്ടുകളായി സാമ്പത്തിക വിനിമയങ്ങളിൽ നേരിടുന്ന പല പ്രശ്നങ്ങളും ഇ-രൂപയിലൂടെ പരിഹരിക്കപ്പെടും.

---

മലയാള മനോരമ ഡിസംബർ 10, 2022

## വിദ്യാഭ്യാസത്തിന് വിലങ്ങിടരുത്

നമ്മുടെ ഭരണഘടനാ ശിൽപികളുടെ ഏറ്റവും വലിയ സ്വപ്നമെന്നു വിശേഷിപ്പിക്കാവുന്നതാണ് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം. സാമൂഹിക പുരോഗതിക്ക് ആക്കം കൂട്ടാൻ വിദ്യാഭ്യാസം കുട്ടികളുടെ മൗലികാവകാശമാക്കുകയും ചെയ്തു. രാജ്യത്തിനു സ്വാതന്ത്ര്യം ലഭിക്കുന്ന കാലത്ത് 18.33 ശതമാനമായിരുന്നു സാക്ഷരത ഇപ്പോൾ 77.7 ശതമാനത്തിൽ എത്തിനിൽക്കുന്നതിൽ അഭിമാനിക്കാം. എന്നാൽ നമ്മുടെ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സുരക്ഷിതത്വത്തോടെ പ്രീമെട്രിക് വിദ്യാഭ്യാസവും ഉന്നതപഠനവുമൊക്കെ നടത്താനുള്ള അവസരം ഇല്ലാതാക്കുമ്പോൾ ആ മൗലികാവകാശമാണു ചോദ്യം ചെയ്യപ്പെടുന്നത്.

വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് 1 മുതൽ 8 വരെ ക്ലാസ്സിലുള്ളവർക്കു സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതു സർക്കാരിന്റെ കടമയാണെന്നിരിക്കെ പ്രിമെട്രിക് സ്കോളർഷിപ്പ് ആവശ്യമില്ലന്നു പറഞ്ഞാണ് കേന്ദ്രസർക്കാർ അതു നിർത്തലാക്കിയത്. കുട്ടികളുടെ വിദ്യാഭ്യാസ അവകാശം ഉറപ്പുവരുത്തേണ്ട സർക്കാർ തന്നെ ഇങ്ങനെയൊരു കടുത്ത നിഷേധസ്വരം മുഴക്കിയാൽ അവർക്ക് പിന്നെയാരാണു തുണ ?

---

മാതൃഭൂമി ഡിസംബർ 10, 2022

## ലഹരിപ്പക്ഷികളെ തുരത്തിയോടിക്കണം

'കരളുപങ്കിടാൻ വയ്യെന്റെ ഹൃദയമേ, പകുതിയും കൊണ്ടുപോയ് ലഹരിയുടെ പക്ഷികൾ' എന്നു പാടിയത് മലയാളിയുടെ പ്രിയകവിയായിരുന്ന എ. അയ്യപ്പനാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം അതൊരു 'അറംപറ്റിയ' കവിതയായെന്ന് പറയേണ്ടിവരും. വിവിധ രൂപത്തിലും ഭാവത്തിലും ലഹരിപ്പക്ഷികൾ കേരളീയ സമൂഹത്തിൽ സർവനാശം വിതക്കുകയാണിപ്പോൾ. പുതിയകാലത്ത് ഇതിന്റെ ബലിയാടാകുന്നത് സ്കൂൾ കുട്ടികളാണെന്നതാണ് ഏറ്റവും വലിയ ദുരന്തം. പല സ്ക്കൂളുകളിലും ഒരു തടസ്സവുമില്ലാതെ ലഹരിവസ്തുക്കൾ എത്തുന്നു. വീട്ടിൽനിന്ന് സ്ക്കൂളിലേക്ക് പോകുന്ന കുട്ടികൾക്കു പിറകേ ഒരു കൂട്ടം വേട്ടക്കാരുണ്ട് എന്ന അറിവ് കുറച്ചൊന്നുമല്ല രക്ഷിതാക്കളെ ആശങ്കാകുലരാക്കുന്നത്. മദ്യവും കഞ്ചാവുമാണ് ഒരു കാലത്ത് കാമ്പസുകളിൽ ലഹരിച്ചുഴികൾ തീർത്തിരുന്നതെങ്കിൽ ഇന്നത് എം.ഡി.എം.എ. പോലുള്ള മാരക രാസവസ്തുക്കളാണ് പലരൂപങ്ങളിൽ കുട്ടികളിലെത്തുന്നത്. ആനന്ദം തേടാനുള്ള ചോദന മനുഷ്യമസ്തിഷ്കത്തിന് പരിണാമപരമായിത്തന്നെ സഹജമാണ്. ഈ ചോദനയാണ് ലഹരിയിലേക്ക് നയിക്കുന്നത്. ഡോപ്പാമിൻ എന്ന സന്തോഷ ഹോർമോണിന്റെ ക്രൂരമായ വികൃതിയാണിത്.

കുട്ടികളെ സൂക്ഷ്മമായി നിരീക്ഷിക്കാൻ രക്ഷിതാക്കൾ സമയം കണ്ടെ

ത്തണം. അവരുടെ നേരിയ ഭാവമാറ്റംപോലും തിരിച്ചറിയണം. ആനന്ദം തേടുന്ന പ്രായത്തിൽ അവരുടെ ഇഷ്ടങ്ങളെ സർഗാത്മകമേഖലകളിലേക്ക് തിരിച്ചുവിടേണ്ടതുണ്ട്. അവർ അതിൽ ആനന്ദം കണ്ടെത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ലഹരിയെ മഹത്വവത്ക്കരിക്കുന്ന പരസ്യങ്ങളും സിനിമകളും കർശനമായി നിയന്ത്രിക്കണം. ജീവിതത്തെക്കാൾ വലിയ ലഹരി വേറെയില്ലെന്ന് പുതുതലമുറയെ ബോധ്യപ്പെടുത്താൻ നമുക്കു കഴിയണം.

ദീപിക ഡിസംബർ 16, 2022

## കൈക്കൂലിയെന്ന അർബുദം

ഇന്ത്യയിലെ സർക്കാർ സംവിധാനത്തെ ചൂഴ്ന്നുനിൽക്കുന്ന കാൻസറാണ് കൈക്കൂലിയും അഴിമതിയും. സർക്കാർ ജീവനക്കാർക്കിടയിൽ വ്യാപകമായ കൈക്കൂലി എന്ന ദുർഭൂതത്തെ പിടിച്ചുകെട്ടാൻ കാലാകാലങ്ങളായി പല ശ്രമങ്ങളും നടക്കുന്നുണ്ടെങ്കിലും ഒന്നും അത്ര ഫലവത്തായിട്ടില്ല എന്നതാണു യാഥാർഥ്യം. സർക്കാർ ജീവനക്കാർ കൈക്കൂലിയോ നിയമാനുസൃതമല്ലാത്ത പാരിതോഷികങ്ങളോ വാങ്ങുകയോ ആവശ്യപ്പെടുകയോ ചെയ്താൽ അഴിമതി വിരുദ്ധനിയമപ്രകാരം കുറ്റം ചുമത്താൻ നേരിട്ടുള്ള തെളിവുകളുടെ ആവശ്യമില്ലെന്നു സുപ്രീം കോടതി കഴിഞ്ഞ ദിവസം വിധിച്ചിരിക്കുന്നത് കൈക്കൂലിക്കെതിരേ പോരാട്ടം നടത്തുന്ന ഏവർക്കും പ്രതീക്ഷ പകരുന്നതാണ്. സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ ശിക്ഷ വിധിക്കാമെന്നാണ് കോടതി വ്യക്തമാക്കിയിരിക്കുന്നത്. സർക്കാർ സംവിധാനങ്ങളിൽനിന്നു കാര്യങ്ങൾ നടത്തിക്കിട്ടാൻ ജനം ഉദ്യോഗസ്ഥർക്കു കൈമടക്കും കൈക്കൂലിയും കൊടുക്കേണ്ടി വരുന്നു എന്നതു ഭരണവ്യവസ്ഥയുടെ അപചയത്തെയും ആരോഗ്യക്കുറവിനെയുമാണ് തുറന്നു കാട്ടുന്നത്. കാര്യങ്ങൾ നടത്തിക്കിട്ടാൻ മറ്റൊരു വഴിയുമില്ലാത്തതിനാൽ പലപ്പോഴും കൈക്കൂലി എന്ന ക്രിമിനൽ പ്രവൃത്തിയോടു പൊതുജനങ്ങളിൽ വലിയൊരു വിഭാഗവും സമരസപ്പെടുന്ന കാഴ്ചയും നമുക്ക് അപരിചിതമല്ല.

ഇപ്പോൾ ഓൺലൈൻ അപേക്ഷയും മറ്റും വന്നതോടെ ചില മേഖലകളിലെങ്കിലും കൈക്കൂലിക്കു തടയിടാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ സാങ്കേതിക സംവിധാനങ്ങളും നിയമങ്ങളും ശക്തമാക്കി കൈക്കൂലിയെ പിടിച്ചുകെട്ടേണ്ടത് അനിവാര്യമാണ്. കണ്ണീരിന്റെ നനവുള്ള കൈക്കൂലിയെന്ന കൊള്ളപ്പണം ഞാൻ വാങ്ങില്ല എന്ന മനോഭാവം അഭിമാനമായി കരുതുന്ന ഒരു തലമുറയെയാണ് നമുക്കാവശ്യം.

സുപ്രഭാതം ഡിസംബർ 20, 2022

## ശാസ്ത്രീയ നിർമ്മാണം കാലാവസ്ഥയെ അതിജീവിക്കും

കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികൾ അനുഭവിച്ചു തുടങ്ങിയ കേരളം നിർമ്മാണ രീതികളിലും മാറ്റം വരുത്തുന്നു എന്നത് സ്വാഗതാർഹമാണ്. വരാനിരിക്കുന്ന 20 വർഷമെങ്കിലും മുന്നിൽക്കണ്ടാവണം റോഡുകളും പാലങ്ങളും ആസൂത്രണം ചെയ്യേണ്ടതെന്നാണ് സാധാരണ നഗരാസൂത്രണ രീതി. നിർഭാഗ്യവശാൽ അത്രയൊന്നും പ്ലാനിങ്ങ് കേരളത്തിൽ നടക്കാറില്ല. ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുസരിച്ച് ശാസ്ത്രീയ രീതിയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടതിൽ സമയം അതിക്രമിച്ചെന്നു പറയാം. വൈകിയെങ്കിലും കാലാവസ്ഥ തകിടം മറിഞ്ഞുവെന്നും കേരളത്തിൽ എപ്പോൾ വേണമെങ്കിലും പ്രളയവും വരൾച്ചയും ഉണ്ടാകാമെന്നുമുള്ള തിരിച്ചറിവ് സർക്കാരിനുണ്ട്.

ചെറിയ സംസ്ഥാനമാണെങ്കിലും ഭൂമിശാസ്ത്രപരമായി കേരളത്തിന്റെ ഘടന അത്ഭുതകരവും കാലാവസ്ഥാപരമായി സങ്കീർണവുമാണ്. ജനസാന്ദ്രതയുള്ള സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിൽ റോഡുകളിൽ തിരക്കു കൂടും. മറ്റു സംസ്ഥാനങ്ങളിലെ റോഡുകളിൽ മണിക്കൂറിൽ കടന്നുപോകുന്ന വാഹനങ്ങളുടെ എണ്ണമാകില്ല കേരളത്തിലേത്. അതിനാൽ റോഡുകൾ ഉന്നത നിലവാരത്തിലല്ലെങ്കിൽ പെട്ടെന്ന് തകരും എന്നതാണ് സ്ഥിതി. ലഭ്യമായ ഫണ്ടിന് അനുസരിച്ച് ചെറിയ പദ്ധതികളിലൂടെ മുന്നോട്ടുപോകുന്നതിനു പകരം ആവശ്യമായ പ്ലാനിങ്ങോടെ ശാസ്ത്രീയ രീതികളോടെ നിശ്ചിതദൂരം ഒറ്റത്തവണ നിർമ്മിക്കുന്ന രീതിയാകും നല്ലത്. നല്ല നാളേക്കായി നല്ല പദ്ധതികൾ വരട്ടെ.

കേരള കൗമുദി ഡിസംബർ 23, 2022

## രോഗമറിഞ്ഞുവേണം മരുന്നുപയോഗം

രാജ്യത്ത് ഏറ്റവുമധികം മരുന്ന് ഉപയോഗിക്കുന്നവരിൽ മലയാളികൾ മുന്നിലാണ്. ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗത്തിലും കേരളം മുന്നിൽത്തന്നെ. അംഗീകൃത ഡോക്ടറുടെ കുറിപ്പടിയില്ലാതെ മരുന്നു നൽകരുതെന്നാണ് ഔഷധശാലകൾക്കുള്ള നിർദേശം. എന്നാൽ അതൊന്നുമില്ലാതെ മെഡിക്കൽ ഷോപ്പുകളിൽ നിന്ന് ആർക്കും ഏതു മരുന്നും യഥേഷ്ടം വാങ്ങാനാവും. ഷെഡ്യൂൾഡ് പട്ടികയിൽപ്പെട്ട മരുന്നുകൾ കുറുപ്പടിയില്ലാതെ വിറ്റാൽ കർക്കശ നടപടി എടുക്കുമെന്നു പറയാറുണ്ടെങ്കിലും നടക്കാറില്ല. കോവിഡ് മഹാമാരിക്കു ശേഷം സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെ എല്ലാത്തരം മരുന്നുകളുടെയും വിൽപ്പന വർദ്ധിച്ചിട്ടുണ്ട്. സ്വന്തം ഇഷ്ടപ്രകാരം ആന്റിബയോട്ടിക്കുകൾ വാങ്ങിക്കഴിച്ച് രോഗശമനം തേടുന്നവരുടെ സംഖ്യ കൂടിവരികയാണ്. ഇതോടൊപ്പം മരുന്നുകളുടെ അമിതോപയോഗവും ദുരുപയോഗവും ജനങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ രോഗത്തിനനുസരിച്ചാണ് ഡോക്ടർമാർ മരുന്നു കുറിക്കുന്നത്. ഒരിക്കൽ ഇങ്ങനെ നൽകുന്ന മരുന്ന് പിന്നീട് സ്വയം വാങ്ങി ഉപയോഗിക്കുന്ന പ്രവണത ഒരിക്കലും ആശാസ്യമല്ലെന്നാണ് വിദഗ്ദ്ധർ പറയുന്നത്. നിശ്ചിത ദിവസത്തേക്കു മാത്രം കഴിക്കാൻ കൊടുക്കുന്ന മരുന്ന് തോന്നുംപടി കൂടുതൽ ദിവസം ഉപയോഗിക്കുന്നതും നിശ്ചിത ദിവസം മുമ്പേ ഉപയോഗം നിറുത്തുന്നതും ഒരു പോലെ പ്രശ്നമുണ്ടാക്കും. രണ്ടും മൂന്നും തവണ ആന്റിബയോട്ടിക് കഴിച്ചിട്ടും രോഗം മാറുന്നില്ലെന്ന പരാതി ഈയിടെ പതിവായി കേൾക്കാറുണ്ട്. ഡോക്ടറെ സമീപിക്കാതെ സ്വയം ചികിത്സയ്ക്കു മുതിരുന്നവരിൽ നിന്നാണ് കൂടുതലായും പരാതികൾ ഉയരാറുള്ളത്. ആന്റിബയോട്ടിക്കുകൾ ഫലപ്രദമാകാത്തത് അതിന്റെ കുറ്റം കൊണ്ടാകണമെന്നില്ല, തെറ്റായ ഉപയോഗം കൊണ്ടാകാം. ചില നിയന്ത്രണങ്ങൾ അനിവാര്യമായിരിക്കുന്നു എന്നാണ് ആന്റിബയോട്ടിക്കുകളുടെ അമിതോപയോഗത്തിൽ നിന്ന് മനസിലാകുന്നത്. സർക്കാർ ആശുപത്രികളിലെ വർദ്ധിച്ച തിരക്ക് പലപ്പോഴും സാധാരണക്കാരെ സർക്കാർ ആശുപത്രികളിൽ നിന്ന് അകറ്റിനിർത്തുന്നു. സർക്കാർ ചികിത്സാ സംവിധാനങ്ങൾ പരമാവധി മെച്ചപ്പെടുത്തുക മാത്രമാണ് ഇതിനു പോംവഴി.

# സ്വിച്ച് ടാറ്റ കമ്മ്യൂണിക്കേഷൻസ് ഏറ്റെടുക്കുന്നു

യുഎസ് ആസ്ഥാനമായുള്ള വീഡിയോ പ്രൊഡക്ഷൻ കമ്പനിയായ സ്വിച്ച് എൻറർപ്രൈസസിനെ ടാറ്റ കമ്മ്യൂണിക്കേഷൻസ് ഏറ്റെടുക്കുന്നു. നെതർലാൻഡ്സിലെ ടാറ്റ കമ്മ്യൂണിക്കേഷന്റെ ഉപകമ്പനി വഴിയാണ് അമേരിക്കയിൽ നിക്ഷേപം നടത്തുന്നത്. 486.3 കോടി രൂപയുടേതാണ് ഇടപാട്.

യുഎസ്, കാനഡ, യുകെ എന്നിവിടങ്ങളിൽ സ്വിച്ചിനുള്ള ആസ്തികളും ടാറ്റയ്ക്ക് ലഭിക്കും. തത്സമയ വീഡിയോ നിർമ്മാണത്തിലൂടെ അമേരിക്കൻ മാധ്യമ വിനോദ മേഖലയിലും തങ്ങളുടെ സാന്നിധ്യം ഉറപ്പിക്കുകയാണ് ടാറ്റയുടെ ലക്ഷ്യം. സ്ഥാപനങ്ങൾക്ക് എൻഡ്-ടു- എൻഡ് തത്സമയ വീഡിയോ പ്രൊഡക്ഷൻ, ട്രാൻസ്മിഷൻ സേവനങ്ങൾ നൽകുന്ന കമ്പനിയാണ് സ്വിച്ച്. ടാറ്റയിലൂടെ കൂടുതൽ രാജ്യങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ കമ്പനിക്ക് സാധിക്കും.

നിലവിൽ, ടാറ്റ കമ്മ്യൂണിക്കേഷൻസ് ആഗോളതലത്തിൽ ഒടിടി പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെയുള്ള ബ്രോഡ്കാസ്റ്റിംഗ് കമ്പനികൾക്കും സ്പോർട്സ് ഓർഗനൈസേഷനുകൾക്കും സേവനങ്ങൾ നൽകുന്നു. സ്വിച്ച് വഴി തത്സമയ വീഡിയോ നിർമ്മാണത്തിലേക്ക് നീങ്ങുന്നതിനൊപ്പം ഭൂരിഭാഗം സേവനങ്ങളും നൽകുന്ന മീഡിയ ഇക്കോസിസ്റ്റമായി ടാറ്റ കമ്പനി മാറും. 1990 ലാണ് സ്വിച്ച് പ്രവർത്തനം ആരംഭിച്ചത്. കമ്പനിയുടെ വരുമാനം കഴിഞ്ഞ വർഷം 674.8 കോടി രൂപയായിരുന്നു.

# എച്ച്ഡിഎഫ്സി-കേരള സ്റ്റാർട്ടപ്പ് മിഷൻ: ധാരണാപത്രം ഒപ്പിട്ടു

സ്റ്റാർട്ട് അപ്പ് കമ്മ്യൂണിറ്റിയുമായി കൂടുതൽ ആഴത്തിൽ ഇടപഴകുന്നതിനും സംസ്ഥാനത്ത് സംരംഭകത്വം ഉത്തേജിപ്പിക്കുന്നതിനുമായി പുതിയ ധാരണാപത്രം ഒപ്പുവെച്ച് കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനും എച്ച്ഡിഎഫ്സി ബാങ്കും. സ്മാർട്ട്-അപ്പ് എന്നറിയപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് അനുയോജ്യമായ പ്രത്യേക സേവനങ്ങളും സൗകര്യങ്ങളും ബാങ്ക് കെ.എസ്.യു.എമ്മുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിലും വ്യാപിപ്പിക്കും.

ഈ സഹകരണത്തിലൂടെ, സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിലെ നൂതനാശയങ്ങളെയും സംരംഭകത്വത്തെയും പിന്തുണയ്ക്കാനാണ് ബാങ്ക് പദ്ധതിയിടുന്നത്. ബാങ്കുകളുടെ നയങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി വായ്പകളും നിക്ഷേപങ്ങളും നൽകുന്നതിന് കെ.എസ്.യു.എം റഫർ ചെയ്യുന്ന സ്റ്റാർട്ടപ്പുകളെ വിലയിരുത്തും.

# സോഷ്യൽ മീഡിയ പ്രമോഷന് മാർഗരേഖ

ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക്, യുട്യൂബ് തുടങ്ങിയ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ പരസ്യം ചെയ്യുന്നത് പണം വാങ്ങിയിട്ടാണെങ്കിൽ അത് കൃത്യമായി വെളിപ്പെടുത്തണമെന്ന് സെലിബ്രിറ്റികൾക്കും സമൂഹമാധ്യമ താരങ്ങൾക്കും കേന്ദ്ര സർക്കാരിന്റെ മാർഗരേഖ. ബ്രാൻഡ് പ്രമോഷന്റെ പേരിൽ പല വ്യാജ വാഗ്ദാനങ്ങളും താരങ്ങൾ മീഡിയ വഴി സമൂഹത്തിലേക്ക് എത്തിക്കുന്നത് ശ്രദ്ധയിൽപെട്ടുവെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി.

ഒറ്റനോട്ടത്തിൽ പരസ്യമെന്ന് തോന്നാത്ത തരത്തിലാണ് പല ഉള്ളടക്കങ്ങളും ചെയ്യുന്നത്. ഇതിൽ പറയുന്ന വാദങ്ങളിൽ സാധാരണക്കാർ വഞ്ചിതരാകാതിരിക്കാനാണ് നടപടിയെന്നും മാർഗരേഖയിൽ പറയുന്നു. ബ്രാൻഡ് പ്രമോഷൻ നടത്തുന്നതിന് മുൻപ് പരസ്യത്തിൽ പറയുന്ന ഉൽപന്നമോ സേവനമോ ഉപയോഗിച്ചു നോക്കണം. പരസ്യത്തിൽ പറയുന്ന വാദങ്ങൾ സാധൂകരിക്കാൻ ആ ഉൽപ്പന്നത്തിന് സാധിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കണം. വീഡിയോയുടെ തുടക്കത്തിൽ തന്നെ പേയ്ഡ് പ്രമോഷനാണോയെന്ന കാര്യം വ്യക്തമായി എഴുതിയോ ഓഡിയോ രൂപത്തിലോ ചിത്രമായോ കാണിക്കണം. ഉള്ളടക്കം ഏത് ഭാഷയിലാണോ അതേ ഭാഷയിലായിരിക്കണം അറിയിപ്പും വരേണ്ടത്. ഹാഷ്ടാഗുകളിലോ ലിങ്കുകളിലോ കൂടികലർത്തുന്ന രീതിയിലാകരുതെന്നും മാർഗരേഖയിൽ പറയുന്നു.

മാർഗരേഖ ലംഘിച്ചാൽ വൻ തുക പിഴ അടയ്ക്കേണ്ടി വരും. കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റിക്ക് പത്ത് ലക്ഷം രൂപ ചുമത്താൻ വ്യവസ്ഥയുണ്ട്. ലംഘനം ആവർത്തിച്ചാൽ 50 ലക്ഷം രൂപ വരെ പിഴ അടയ്ക്കേണ്ടതായി വരും. കൂടാതെ ബ്രാൻഡ് പ്രമോഷൻ നടത്തുന്ന വ്യക്തിയെ മൂന്ന് വർഷം വരെ വിലക്കാനും മാർഗരേഖയിൽ പറയുന്നു. സെലിബ്രിറ്റികൾ സോഷ്യൽമീഡിയ താരങ്ങൾക്ക് പുറമേ കാർട്ടൂൺ കഥാപാത്രങ്ങൾ അടക്കമുള്ള വെർചൽ ഇൻഫ്ലുവൻസേഴ്സിനും മാർഗരേഖ ബാധകമാണ്.

# ദേശീയ സ്റ്റാർട്ടപ്പ് അവാർഡ് മലയാളികളുടെ സ്റ്റാർട്ടപ്പിന്

ദേശീയ സ്റ്റാർട്ടപ്പ് അവാർഡിൽ നേട്ടവുമായി മലയാളി സംരംഭകരുടെ സ്റ്റാർട്ടപ്പ്. ഇത്തവണ സേഫ്റ്റി, സെക്യൂരിറ്റി വിഭാഗത്തിലെ അവാർഡാണ് മലയാളികളുടെ സ്റ്റാർട്ടപ്പിന് ലഭിച്ചിരിക്കുന്നത്.

'ആറ്റം അലോയി' എന്ന പേരാണ് പുതിയ കണ്ടുപിടുത്തത്തിന് നൽകിയിരിക്കുന്നത്. തീപിടുത്തം, അപകടം, സൈനിക ആക്രമണം എന്നിവ ഉണ്ടായാൽ പോലും വാഹനങ്ങളുടെ ഫ്യൂവൽ ടാങ്ക് പൊട്ടിത്തെറിക്കാതെ സൂക്ഷിക്കുന്നതാണ് കണ്ടുപിടിത്തം. ഏറെക്കാലം നീണ്ട ഗവേഷണങ്ങൾക്കൊടുവിൽ ഈ കണ്ടുപിടുത്തത്തിന് പേറ്റന്റും നേടിയെടുത്തിട്ടുണ്ട്.

കാറുകൾ, ടാങ്കറുകൾ, ബോട്ടുകൾ, കപ്പലുകൾ തുടങ്ങിയവയ്ക്ക് ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. മഹാരാഷ്ട്രയിലെ നവി മുംബൈയിലാണ് കമ്പനിയുടെ ആസ്ഥാനം. മലയാളികളായ അനിൽ നായർ, വിനോദ് മേനോൻ, അജിത്ത് തരൂർ എന്നിവർ ചേർന്നാണ് ആറ്റം അലോയ് വികസിപ്പിച്ചെടുത്തത്.

# ലോട്ടസ് ചോക്ലേറ്റിന്റെ ഓഹരികൾ റിലയൻസ് ഏറ്റെടുക്കും

റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ അതിവേഗം ചലിക്കുന്ന ഉപഭോക്തൃ ഉൽപ്പന്ന വിഭാഗമായ റിലയൻസ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് ലോട്ടസ് ചോക്ലേറ്റിന്റെ ഓഹരി ഏറ്റെടുക്കും. ചോക്ലേറ്റുകളും കൊക്കോ ഉൽപ്പന്നങ്ങളും കൊക്കോ ഡെറിവേറ്റീവുകളും നിർമ്മിക്കുന്ന ലോട്ടസ് ചോക്ലേറ്റിന്റെ പ്രൊമോട്ടർമാരുമായി റിലയൻസ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡ് (ആർസിപിഎൽ) കരാറിൽ ഏർപ്പെട്ടു.

ഓഹരി വാങ്ങൽ കരാറിന്റെ ഭാഗമായി, പ്രമോട്ടർമാരായ പ്രകാശ് പെരാജെ പൈ, അനന്ത് പെരാജെ പൈ എന്നിവരിൽ നിന്നുള്ള 'സെക്കൻഡറി പർച്ചേസ്' വഴി ലോട്ടസ് ചോക്ലേറ്റിന്റെ പെയ്ഡ്-അപ്പ് ഷെയർ ക്യാപിറ്റലിന്റെ 77 ശതമാനം ഏറ്റെടുക്കുന്നു. ലോട്ടസിന്റെ പെയ്ഡ്-അപ്പ് ഇക്വിറ്റി ഷെയർ ക്യാപിറ്റലിന്റെ 51% പ്രതിനിധീകരിക്കുന്ന ലോട്ടസിന്റെ 65.48 ലക്ഷം ഇക്വിറ്റി ഷെയറുകൾ നിലവിലെ പ്രൊമോട്ടർ, പ്രൊമോട്ടർ ഗ്രൂപ്പിൽ നിന്ന് ആർസിപിഎൽ ഏറ്റെടുക്കും.

# പിഴ അടയ്ക്കാത്തതിന് ഗൂഗിളിന് നോട്ടീസ്

അന്യായ വിപണന രീതികൾ പിന്തുടർന്നതിന് ചുമത്തിയ പിഴ സമയബന്ധിതമായി അടയ്ക്കാത്തതിന് ഗൂഗിളിന് കോംപറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (സിസിഐ)യുടെ നോട്ടീസ്.

രണ്ട് വ്യത്യസ്ത കേസുകളിലായാണ് കോംപറ്റീഷൻ കമ്മീഷൻ ഗൂഗിളിന് 2,274 രൂപ പിഴ ചുമത്തിയത്. വിപണിയിൽ ആധിപത്യം ഉറപ്പാക്കാൻ ആൻഡ്രോയിഡ് അധിഷ്ഠിത മൊബൈൽ ഫോണുകളെ ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയതിനെ തുടർന്നായിരുന്നു സിസിഐയുടെ നടപടി. എന്നാൽ ഇതിനെതിരെ ഗൂഗിൾ നാഷണൽ കമ്പനി ലോ അപ്പലേറ്റ് ട്രൈബ്യൂണലിൽ പരാതി നൽകി. ഇതുമായി ബന്ധപ്പെട്ട വാദങ്ങൾ ട്രൈബ്യൂണൽ ഇതുവരെ കേട്ടിട്ടില്ല. ഇതിനിടെയാണ് കോംപറ്റീഷൻ കമ്മീഷൻ വീണ്ടും നോട്ടീസ് നൽകിയത്.

കഴിഞ്ഞ ഒക്ടോബർ 20, 25 തീയതികളിലാണ് കോംപറ്റീഷൻ കമ്മീഷൻ രണ്ട് കേസുകളിൽ ഗൂഗിളിന് പിഴ ചുമത്തിയത്. 60 ദിവസത്തിനകം പിഴയടയ്ക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, കമ്പനി പിഴ അടച്ചില്ല. ഇതേതുടർന്നാണ് 30 ദിവസത്തിനകം പിഴയടയ്ക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും നോട്ടീസ് അയച്ചത്. ഇതിൽ വീഴ്ചവരുത്തിയാൽ തുക ഗൂഗിളിൽ നിന്ന് വീണ്ടെടുക്കാനുള്ള നടപടി സ്വീകരിക്കാൻ കോംപറ്റീഷൻ കമ്മീഷന് കഴിയും. രണ്ട് കേസുകളിലും ഗൂഗിൾ അപ്പീൽ നൽകിയിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ കോംപറ്റീഷൻ കമ്മിഷന്റെ ഉത്തരവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തില്ലെങ്കിൽ കമ്പനി പിഴ നൽകേണ്ടി വരും.

# ക്വിക്ക്ജെറ്റുമായി ആമസോൺ കരാർ

ഏതാനും മാസങ്ങൾക്ക് മുമ്പ് എയർ ഓപ്പറേറ്റർ സർട്ടിഫിക്കറ്റ് (എഒസി) ലഭിച്ച ബെംഗളൂരു ആസ്ഥാനമായുള്ള ചരക്കുവാഹന ഓപ്പറേറ്ററായ ക്വിക്ജെറ്റ് എയർലൈൻസുമായി കരാർ ഒപ്പിട്ടുകൊണ്ട് ആമസോൺ ഇന്ത്യയിൽ ചരക്ക് വാഹന പ്രവർത്തനങ്ങൾ വിപുലീകരിച്ചു.

കഴിഞ്ഞ രണ്ട് മാസമായി കമ്പനി ട്രയൽ റണ്ണുകൾ പൂർത്തിയാക്കി. ആമസോണിന്റെ ചരക്കുകൾക്കായി സമർപ്പിച്ചിരിക്കുന്ന ഒരു ബോയിംഗ് 737 ചരക്കുകപ്പൽ ബെംഗളൂരുവിലെ കെമ്പഗൗഡ അന്താരാഷ്ട്ര വിമാനത്താവളത്തിൽ (കെഐഎ) എത്തി. 'ക്വിക്ജെറ്റിന്റെ ലാൻഡിംഗ് കെഐഎയിലെ ഒരു ടീം സ്വാഗത ബാനറുകളോടെ ബെംഗളൂരുവിലേക്ക് സ്വാഗതം ചെയ്തു. ചരക്ക് വിമാനം പിന്നീട് ഹൈദരാബാദിലേക്ക് പറന്നു,'' ക്വിക്ജെറ്റിന്റെ ആ ചരക്കുകപ്പൽ 23 ടൺ വരെ വഹിക്കും.

# ടെക് ഭീമന്മാരുടെ ഇന്ത്യയിലെ പരസ്യ വരുമാനം

മുൻനിര ഡിജിറ്റൽ കമ്പനികൾ - ഗൂഗിൾ, ഫേസ്ബുക്ക്, ഹോട്ട്സ്റ്റാർ, ആമസോൺ, മിന്ത്ര, ഫ്ളിപ്കാർട്ട് എന്നിവ 2022 സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ വിപണനക്കാരിൽ നിന്ന് 49,400 കോടി രൂപയിലധികം പരസ്യം ചെയ്തു.

2021 സാമ്പത്തിക വർഷത്തേക്കാൾ 75 ശതമാനം വർദ്ധനവ് കമ്പനികളുടെ മീഡിയ മിക്സിൽ ഡിജിറ്റൽ പരസ്യങ്ങളിലേക്കുള്ള ഒരു പ്രധാന വ്യതിയാനത്തെ സൂചിപ്പിക്കുന്നു,

കോവിഡ് -19 പാൻഡെമിക് നിയന്ത്രണങ്ങൾ ആളുകളെ ദീർഘനേരം ഓൺലൈനിൽ ചെലവഴിക്കാൻ നിർബന്ധിതരാക്കിയത് പരസ്യദാതാക്കളെ ഡിജിറ്റൽ പരസ്യങ്ങൾ കൂടുതലായി ചെയ്യാൻ നിർബന്ധിതരാക്കി.

പരസ്യദാതാക്കൾ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്ക് ആകർഷിക്കപ്പെടുന്നത് അവരുടെ വലിയ ഉപയോക്തൃ അടിത്തറയും നിർദ്ദിഷ്ട ജനസംഖ്യാശാസ്ത്രത്തിനും താൽപ്പര്യങ്ങൾക്കും പരസ്യങ്ങൾ ടാർഗെറ്റുചെയ്യാനുള്ള കഴിവുമാണ്.

2022 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ നിന്നുള്ള ഗൂഗിൾ, ഫേസ്ബുക്ക് പരസ്യങ്ങൾ 41,115 കോടി രൂപയായി ഉയർന്നു. ഡിസ്നി + ഹോട്ട്സ്റ്റാറിനെ ഉൾക്കൊള്ളുന്ന സ്റ്റാർ ഇന്ത്യ പിന്തുണയുള്ള നോവി ഡിജിറ്റൽ എന്റർടൈൻമെന്റ്, 2021-ലെ 829.74 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 2022-ൽ അതിന്റെ പരസ്യ വരുമാനം 1,684.31 കോടി രൂപയായി ഉയർന്നു.

# സീ എൻറർടൈൻമെന്റിന് പുരസ്ക്കാരം

പ്രശസ്തമായ ബ്രാൻഡൻ ഹാൾ ഗ്രൂപ്പ് എക്സലൻസ് ടെക്നോളജി അവാർഡിലെ വളർന്നു വരുന്ന ലേണിങ് ടെക്നോളജി രംഗത്തെ ഏറ്റവും മികച്ച നേട്ടത്തിനുള്ള ഗോൾഡ് പുരസ്കാരത്തിന് സീ എൻറർടൈൻമെൻറ് എൻറർപ്രൈസസ് അർഹമായി.

സാങ്കേതികവിദ്യാ അധിഷ്ഠിതമായി ലേണിങ് രംഗത്ത് ആഗോള തലത്തിൽ ഏറ്റവും മികച്ച നീക്കങ്ങൾ നടത്തിയതിനാണ് കമ്പനിയുടെ ഡിജിറ്റൽ രംഗത്തെ മുന്നേറ്റമായ ഡിജികാദമിയെ തെരഞ്ഞെടുത്തത്. ആഗോള തലത്തിൽ ഗവേഷണ, അഡ്വൈസറി മേഖലകളിൽ മികവു പുലർത്തുന്ന സ്ഥാപനങ്ങളെ അംഗീകരിക്കാനായി കഴിഞ്ഞ 28 വർഷത്തിലേറെയായി ബ്രാൻഡൻ ഹാൾ ഗ്രൂപ്പ് അവാർഡുകൾ നൽകി വരുന്നുണ്ട്.

നിർമിത ബുദ്ധിയുടെ പിന്തുണയോടെയുള്ള ലേണിങ് എക്സ്പീരിയൻസ് സംവിധാനമാണ് ഡിജികാദമി എന്ന ഇത്തരത്തിലുള്ള ആദ്യ നീക്കത്തെ ശ്രദ്ധേയമാക്കിയത്. പഠിക്കുന്നവരെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ, ബിസിനസിലുള്ള പ്രതിഫലനം, പാഠ്യപദ്ധതികളുടെ സംയോജനം തുടങ്ങിയവ ഇതിനെ കൂടുതൽ മികവുള്ളതാക്കി മാറ്റുകയും ചെയ്യുന്നു. മാനവശേഷി കൈകാര്യം ചെയ്യുന്ന രംഗത്തെ മികവുകൾക്ക് അംഗീകാരം നൽകുന്ന ഏറ്റവും പഴക്കമേറിയതും ഏറ്റവും വലുതുമായ പുരസ്ക്കാരങ്ങളാണ് ബ്രാൻഡൻ ഹാൾ ഗ്രൂപ്പ് നൽകി വരുന്നത്.

# അജ്മൽ ബിസ്മി ഷോറൂമുകൾ അംബാനിയുടെ ഉടമസ്ഥതയിൽ

സംസ്ഥാനത്തെ മുൻനിര കൺസ്യൂമർ ഇലക്ട്രോണിക്സ് സ്ഥാപനമായ അജ്മൽ ബിസ്മിയെ ഏറ്റെടുക്കാൻ മുകേഷ് അംബാനിയുടെ റിലയൻസ് തീരുമാനം എടുത്തു.

800 കോടി വാർഷിക വിറ്റുവരവുള്ള അജ്മൽ ബിസ്മി 600 കോടി രൂപയാണ് ആവശ്യപ്പെട്ടതെങ്കിലും 300 കോടിക്കും 400 കോടിക്കും ഇടയിലാണ് ഇടപാട്.

സംസ്ഥാനത്തു റിലയൻസ് നടത്തുന്ന ആദ്യ ടേക്ക് ഓവറാണിത്. ബിസ്മിയുടെ ഹൈപ്പർ മാർക്കറ്റുകളും ബ്രാൻഡ് നെയിമും ഇടപാടുകളുടെ പരിധിയിൽ വരും. അജ്മൽ ബിസ്മിക്ക് സംസ്ഥാനത്ത് 20 ഷോറൂം ഉണ്ട്. ഇതിൽ ഒൻപതും എറണാകുളത്താണ്. റിലയൻസ് ഡിജിറ്റലിലൂടെ കൺസ്യൂമർ ഇലക്ട്രോണിക്സ് മാർക്കറ്റിൽ രാജ്യമാകെ ചുവടുറപ്പിക്കാൻ ശ്രമിച്ചു വരുന്ന സാഹചര്യത്തിലാണ് അജ്മൽ ബിസ്മിയെ ഏറ്റെടുക്കുന്നത്.

അടുത്ത സാമ്പത്തിക വർഷത്തോടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാവും. ബ്രാൻഡിന്റെ പേര് അതേപടി നിലനിർത്തണമോ എന്ന കാര്യത്തിൽ റിലയൻസ് തീരുമാനം എടുത്തിട്ടില്ല. അടുത്തിടെ ബിഗ് ബസാർ ഏറ്റെടുത്തപ്പോൾ സ്മാർട് ബസാർ എന്നു റിലയൻസ് പേരു മാറ്റിയിരുന്നു. ജർമൻ റീട്ടെയ്‌ലർ ആയ കാഷ് ആൻഡ് കാരിയുടെ ഏറ്റെടുക്കൽ പ്രക്രിയയും പൂർത്തിയായി വരുന്നതായി റിലയൻസ് വൃത്തങ്ങൾ വെളിപ്പെടുത്തി.

റീട്ടെയിൽ മേഖലയിൽ രാജ്യത്ത് ഒന്നാമതെത്താനുള്ള ശ്രമത്തിലാണ് റിലയൻസ് ഗ്രൂപ്പ്. അടുത്തിടെ 152 കോടി രൂപയ്ക്ക് തമിഴ്നാട്ടിലെ കണ്ണൻ ഡിപ്പാർട്മെന്റൽ സ്റ്റോഴ്സ് ഏറ്റെടുത്തു. കലാനികേതൻ എന്ന എത്നിക് വെയർ റീട്ടെയ്‌ലറും പ്രാദേശിക റീട്ടെയിൽ ശൃംഖലയായ ജയസൂര്യ റീട്ടെയിലും റിലയൻസ് സമീപ കാലത്ത് ഏറ്റെടുത്തവയിൽ പെടുന്നു.

# മൊണ്ടലെസും ഒഗിൽവിയും എഫി ഇന്ത്യ അവാർഡ് നേടി

മുംബൈയിൽ നടന്ന അവാർഡുകളുടെ 2022 പതിപ്പിൽ ലിയോ ബർണറ്റ് ഗ്രാൻഡ് എഫി നേടി. ഏജൻസി ഓഫ് ദ ഇയർ ടൈറ്റിൽ ഒഗിൽവിയും കരസ്ഥമാക്കി. മൊണ്ടലെസ് ഇന്ത്യയെ ഈ വർഷത്തെ എഫി ഇന്ത്യ ക്ലയന്റ് ആയി തിരഞ്ഞെടുത്തു. പെൺകുട്ടികളുടെ സ്കൂളിലെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം വരുന്നതിന് ഉള്ള വിസ്പർ ഇന്ത്യയുടെ പരസ്യത്തിനാണ് ലിയോ ബർണറ്റ് ഗ്രാൻഡ് എഫി നേടിയത്. മുൻകാല റെക്കോർഡുകളെല്ലാം മറികടന്ന്, ഈ വർഷം, എഫി ഇന്ത്യയ്ക്ക് 986 എൻട്രികൾ ലഭിച്ചു, 22 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന എൻട്രികൾ, കൂടാതെ 53 ഏജൻസികളിൽ നിന്നുള്ള പങ്കാളിത്തവും ലഭിച്ചു.

ക്ലയന്റുകളിൽ, മൊണ്ടലെസ്, പി ആൻഡ് ജിയുടെ വിസ്പർ, സ്പോട്ടിഫൈ ഇന്ത്യ എന്നിവ യഥാക്രമം 218, 144, 110 പോയിന്റുകൾ നേടി ഒന്നാം സ്ഥാനത്തെത്തി. ഈ വർഷം മക്കാൻ വേൾഡ് ഗ്രൂപ്പ് ഏജൻസി ന്യൂഡൽഹിക്കാണ് 303 പോയിന്റ് നേടി മൂന്നാം സ്ഥാനം.

# എഡ്ടെക് പരസ്യങ്ങൾക്കായി ASCI ചട്ടക്കൂട്

അഡ്വർടൈസിംഗ് സ്റ്റാൻഡേർഡ് കൗൺസിൽ ഓഫ് ഇന്ത്യ (ASCI) വിദ്യാഭ്യാസ സാങ്കേതിക മേഖലയിലെ (എഡ്ടെക്) പരസ്യങ്ങളെക്കുറിച്ചും അത് രക്ഷിതാക്കളിലും വിദ്യാർത്ഥികളിലും ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും ഒരു റിപ്പോർട്ട് പുറത്തിറക്കി.

മാതാപിതാക്കൾ എഡ്ടെക് പ്ലാറ്റ്ഫോം തിരഞ്ഞെടുക്കുന്നതിൽ പരസ്യങ്ങൾ വലിയ സ്വാധീനം ചെലുത്തുന്നുവെന്ന് റിപ്പോർട്ട് വെളിപ്പെടുത്തുന്നു, 49% മാതാപിതാക്കളും പരസ്യത്തെ അടിസ്ഥാനമാക്കി പ്ലാറ്റ്ഫോമുകൾ തിരഞ്ഞെടുക്കുന്നു. പ്രിന്റ്, ടിവി, ഡിജിറ്റൽ വീഡിയോ, സ്റ്റാറ്റിക് മീഡിയം എന്നിവയിലുടനീളമുള്ള മൊത്തം 100 എഡ്ടെക് പരസ്യങ്ങൾ പരസ്യ വാച്ച്ഡോഗ് തിരഞ്ഞെടുത്തു.

"പരമ്പരാഗത വിദ്യാഭ്യാസ പരസ്യങ്ങൾ പോലെ, എഡ്-ടെക് പരസ്യങ്ങൾക്കും മാർക്കുകളിലും റാങ്കുകളിലും വലിയ ശ്രദ്ധയുണ്ട്. ചിത്രീകരിച്ച വിഷയങ്ങളിൽ ഗണിതവും സയൻസും ആധിപത്യം പുലർത്തി, "റിപ്പോർട്ട് പറയുന്നു.

റിപ്പോർട്ടിൽ, 81% രക്ഷിതാക്കൾ എഡ്ടെക് പരസ്യങ്ങളെ വിശ്വസിക്കുമ്പോൾ, 73% പരസ്യങ്ങൾ ഉയർന്ന പഠന സമ്മർദ്ദം കാണിക്കുന്നുവെന്നും പരസ്യങ്ങളിലെ അംഗീകരിക്കുന്നവരോ റോൾ മോഡലുകളോ അക്കാദമിക് മേഖലയിൽ നിന്നുള്ളവരല്ലെന്നും അഭിപ്രായപ്പെട്ടു.

കണ്ടെത്തലുകൾ ചില പോസിറ്റീവുകളും ശ്രദ്ധിച്ചു. പ്രധാന പോസിറ്റീവുകളിൽ ചിലത് ഇവയാണ്:

* രക്ഷിതാക്കളെ ഫീച്ചർ ചെയ്യുന്ന പരസ്യങ്ങൾ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്ന പങ്കാളികളായി പ്രതിനിധീകരിക്കുകയും അതുവഴി പുരോഗമനപരമായ രക്ഷാകർതൃത്വത്തിന് നല്ല മാതൃകകൾ നൽകുകയും ചെയ്തു.

* ആശയപരമായ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പരസ്യങ്ങൾ പുരോഗമനപരവും ആസ്വാദ്യകരവുമാണെന്ന് രക്ഷിതാക്കൾക്കും വിദഗ്ധർക്കും തോന്നി.

അടുത്ത കാലത്തായി എഡ്ടെക് വളരെ പ്രധാനപ്പെട്ട ഒരു മേഖലയായി ഉയർന്നു വരുന്നു, പ്രത്യേകിച്ചും കുട്ടികളുടെ വിദ്യാഭ്യാസത്തിന് അനുബന്ധമായി മാതാപിതാക്കൾ ഈ കമ്പനികളുമായി ഇപ്പോൾ ഇടപഴകുന്നു. ചില അടിസ്ഥാന സൗകര്യങ്ങളും ഉള്ളടക്ക വെല്ലുവിളികളും പരിഹരിക്കാനും ഇന്ത്യൻ വിദ്യാഭ്യാസത്തിൽ വിപ്ലവം സൃഷ്ടിക്കാനും എഡ്-ടെക്കിന് കഴിവുണ്ട്. എന്നിരുന്നാലും, ഒരു വശത്ത് ദുർബലരായ മാതാപിതാക്കളും വിദ്യാർത്ഥികളും, മറുവശത്ത് വലിയ ഓർഗനൈസേഷനുകളും തമ്മിലുള്ള പ്രത്യേക അവസ്ഥ കണക്കിലെടുക്കുമ്പോൾ, പരസ്യം ഉത്തരവാദിത്തമാണെന്നും മുതലെടുക്കുന്നില്ലെന്നും ഉറപ്പാക്കേണ്ടത് വളരെ പ്രധാനമാണ്.

# പ്രസാർ ഭാരതി OTT ചാനൽ ആരംഭിക്കുന്നു

പ്രസാർ ഭാരതി ഒരു ഒടിടി ചാനലുമായി വരാനുള്ള സാധ്യതയെ വിലയിരുത്തുന്നു. ദൂരദർശന്റെ ഡിഡി ഇന്ത്യ ചാനലിന്റെ ആഗോള വ്യാപനം വിപുലീകരിക്കുന്നതിനായി അവർ യപ്പ് ടിവിയുമായി കരാർ ഒപ്പിട്ടു. യു എസ്, യുകെ എന്നിവയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ ഡിഡി ഇന്ത്യ ലഭ്യമാക്കുന്നതിനായി പ്രസാർ ഭാരതി കഴിഞ്ഞ വർഷം മാർച്ചിൽ YuppTVയുമായി ധാരണാപത്രത്തിൽ ഒപ്പു വച്ചിരുന്നു. ഓൾ ഇന്ത്യ റേഡിയോ (എഐആർ), ദൂരദർശൻ (ഡിഡി) എന്നിവയുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി 2,500 കോടിയിലധികം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി ദിവസങ്ങൾക്ക് ശേഷമാണ് ഒടിടി പ്ലാറ്റ്ഫോമിന്റെ വാർത്ത വരുന്നത്.




Printed, Published and Owned by Mathew K., Effective Publications, Mulamoottil Building, Cathedral Road, Manorama South, Kottayam - 686 001 Kerala. and Printed at Southern Printing House, Sastri Road Extn., Mugal Palace Building, Collectorate P.O., Kottayam - 686 002, Kerala.

# Take all these in a Platter




**We give you more than what you can chew**

Read **Business News** to learn & earn RICH dividends from the financial market.Become a Maestro of Finance through **Business News**. We guide those who got misguided, to the right path.

**Subscribe today or grab a copy from your nearest book stall**

**BUSINESS NEWS**

Since 2000

Call us at 0491 2546490, 9539009313 or mail at businessnewspkd@gmail.com

EFFECTIVE ADCOM 2023 January Date of publication 01/01/2023
RNI Reg. No. KERBIL/2014/64776, Registered. Reg. No. KL/KTM/113/2019-21, Price: Rs. 50/-

# Quickerala ഉണ്ടെങ്കിൽ കാര്യം നിസ്സാരം

Your Search | Location | SEARCH

എന്ത് ബിസിനസ്സ് നടത്തുന്നവരുടേയും കോൺടാക്റ്റ്
ഡീറ്റെയിൽസിനായി ലോഗോൺ ചെയ്യൂ

അല്ലെങ്കിൽ app ഡൗൺലോഡ് ചെയ്യൂ

Download from Windows Store | ANDROID APP ON Google play | Available on the App Store

Quickerala.com
Kerala's largest online business directory

Customer Care : 04812222222
mail: support@quickerala.com